# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# ഫറോക്ക് മുനിസിപ്പാലിറ്റി

# ഓഡിറ്റ് റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

e-mail:dokkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.കെ.കെ.ഡി. പി.14/1691/17

കേരള സംസ്ഥാന
ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ്
കാര്യാലയം

കോഴിക്കോട് ജില്ല

തീയതി
22.08.2017

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

ഫറോക്ക് മുനിസിപ്പാലിറ്റി

സർ,

വിഷയം : ഫറോക്ക് മുനിസിപ്പാലിറ്റി - 2016-17സാമ്പത്തിക വർഷങ്ങളിലെ
ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

************************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഫറോക്ക് മുനിസിപ്പാലിറ്റിയുടെ 2016-17 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികകളിലേയ്ക്കും ഭാഗം 3ലെ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം നഗരസഭയുടെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ നഗരസഭ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 ലെ കേരളാ മുനിസിപ്പാലിറ്റി പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ് :

1) സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2) കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

3)നഗരകാര്യവകുപ്പ് ഡയറക്ടർ,തിരുവനന്തപുരം(ഉപരിപത്രം സഹിതം)
4)റീജിയണൽ ജോയിന്റ് ഡയറക്ടർ,കോഴിക്കോട്.

5)കാര്യാലയ പകർപ്പ്

നം കെ.എസ്.എ.കെ.കെ.ഡി. പി.14/1691/17 തിയ്യതി : 22.08.2017

# കോഴിക്കോട് ജില്ലയിലെ ഫറോക്ക് മുനിസിപ്പാലിറ്റിയുടെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ ഫറോക്ക് മുനിസിപ്പാലിറ്റിയുടെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. നഗരസഭ 01.04.2016 മുതൽ 21-5-2017തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ നഗരസഭയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 24 അന്വേഷണക്കുറിപ്പുകൾ നൽകിയതിന് മറുപടി ലഭിച്ചിട്ടില്ല. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ നഗരസഭ സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ഉണ്ണികൃഷ്ണൻ .പി,ജോയിന്റ് ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 22-5-2017 മുതൽ 31-5-2017 വരെയും<br>8-8-2017 മുതൽ 11-8-2017 വരെയും |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ഹരി.കെ.പി<br>ഓഡിറ്റ് ഓഫീസർ |
| | ശ്യാംജിത്ത് .എം<br>അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ജയകുമാർ പാലോളി<br>അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ. |
| | ഷിനിത്ത് .എ,ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| ചെയർമാൻ | ടി.സുഹറാബി | 1-4-2017 മുതൽ 31-3-2017വരെ |
| സെക്രട്ടറി | സുരേഷ് ബാബു.പി.എം(ചാർജ്ജ്) | 1-4-2016 മുതൽ 5-3-2017വരെ |
| | ജസിത .പി.ജെ | 6-3-2017 മുതൽ 31-3-2017 വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| മെഡിക്കൽ ഓഫീസർ ആയുർവേദം | സറീന | 1-4-2016 മുതൽ 31-3-2017 വരെ |
| മെഡിക്കൽ ഓഫീസർ ഹോമിയോ | രേണു രാധാകൃഷ്ണൻ | 1-4-2016മുതൽ 31-3-2017വരെ |
| സൂപ്രണ്ട് താലൂക്ക് ഹോസ്പിറ്റൽ,ഫറോക്ക് | ലാലു ജോൺസൺ | 1-4-2016 മുതൽ 31-3-2017 വരെ |
| അഗ്രികൾച്ചർ ഓഫീസർ | നിഷാന്ത് | 1-4-2016 മുതൽ 31-3-2017 വരെ |
| വെറ്റിനറി സർജൻ | അൻവർ സാദത്ത് എം.കെ | 1-4-2016മുതൽ 31-3-2017വരെ |
| സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | സംഗീത | 1-4-2016 മുതൽ 31-3-2017വരെ |
| പ്രിൻസിപ്പൽ ജി.ജി.വി.എച്ച്.എസ് | ഷക്കീല | 1-4-2016മുതൽ 31-3-2017വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ -1 | കോമളവല്ലി.പി.പി | 1-4-2016മുതൽ 31-3-2017വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ -11 | ഷൈമ.പി.പി | 1-4-2016മുതൽ 31-3-2017 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ (എൽ.എസ്.ജി.ഡി) | ദിനേശ് കുമാർ.എം | 1-4-2016മുതൽ 31-32017 വരെ |
| ഡെപ്യൂട്ടി ഡയറക്ടർ ഡയറി ഡെവലപ്പ്മെന്റ് | ശോഭന | 1-4-2016മുതൽ31-3-2017വരെ |

## ഉള്ളടക്കം

### ഭാഗം 1 പൊതു അവലോകനം


| ക്രമ നം. | ഇനം | ഖണ്ഡിക നം. |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം(എ.സി.ആർ പ്രകാരം) | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |


### ഭാഗം 2 വരവുകണക്കുകളിൻമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ


| ക്രമ നം. | ഇനം | ഖണ്ഡിക നം. |
|---|---|---|
| 1 | വാർഷിക കണക്ക് അപാകതകൾ | 2-1 |
| 2 | തൊഴിൽ നികുതി പിരിവിലെ അപാകതകൾ | 2-2 |
| 3 | വസ്തു നികുതി - പൊതു അപാകതകൾ | 2-3 |
| 4 | വൻകിട കെട്ടിട നിർമ്മാണം - അനുമതി നൽകിയതിലെ അപാകത | 2-4 |
| 5 | കരാറിന് വിരുദ്ധമായി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിന്റെ ഘടനയിൽ മാറ്റം വരുത്തി ഉപയോഗിക്കുന്നു. | 2-5 |
| 6 | 2016-17 വർഷത്തിൽ ഫറോക്ക് മുനിസിപ്പാലിറ്റിയിൽ നിന്നും നൽകിയ താഴെപ്പറയുന്ന കെട്ടിട നിർമ്മാണ അനുമതിയിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു. | 2-6 |
| 7 | ബസ് സ്റ്റാൻഡ് ഫീസ് പിരിവ് - അപാകതകൾ | 2-7 |
| 8 | രശീതി പുസ്തകങ്ങളുടെ പരിശോധനയിൽ കണ്ട അപാകതകൾ | 2-8 |


### ഭാഗം 3 ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ

| ക്രമ | ഇനം | ഖണ്ഡിക |
|---|---|---|

| നം. | | നം. |
|---|---|---|
| 1 | ലൈസൻസില്ലാത്ത വ്യക്തിയ്ക്ക് വാഹനം ഓടിയ്ക്കാൻ അനുമതി നൽകി. വാഹനം അപകടത്തിൽപ്പെട്ടു. | 3-1 |
| 2 | പ്രവൃത്തിയുടെ ഫൈനൽബില്ലിൽ നിന്ന് ടാർ ഇനത്തിൽ അധിക തുക ഈടാക്കി തനത് ഫണ്ടിൽ അടക്കുന്നു. | 3-2 |
| 3 | നല്ലൂർ സ്റ്റേഡിയം അറ്റകുറ്റപ്പണി, ടെണ്ടർ കുറവ് - ഫൈനൽ ബില്ലിൽ കുറവ് ചെയ്തില്ല. | 3-3 |
| 4 | മണ്ണ് ഫില്ലിംഗ് പ്രവൃത്തി - അധിക നിരക്ക് നൽകി. | 3-4 |
| 5 | ടാറിംഗ് പ്രവൃത്തി -കരാറുകാർക്ക് ഡി.എസ്.ആർ. പ്രകാരമുള്ള നിരക്കും അതിന്റെ കോസ്റ്റ് ഇൻഡക്സും ഉൾപ്പെടെ നിരക്ക് നൽകി | 3-5 |
| 6 | മോർഡ് സ്പെസിഫിക്കേഷൻ - ഓവർ ഹെഡ് ചാർജ്ജും, കരാറുകാരന്റെ ലാഭവും ഉൾപ്പെടെ 20% വർദ്ധനവ് നൽകി. | 3-6 |
| 7 | ദിവസവേതനക്കാരുടെ നിയമനം -ചട്ടപ്രകാരമുള്ള നിബന്ധന പാലിച്ചോ എന്നതിൽ അവ്യക്തത | 3-7 |
| 8 | സ്കൂളിൽ ഫർണിച്ചർ - കൈപ്പറ്റിയ ഇനങ്ങളുടെ സ്പെസിഫിക്കേഷൻ വ്യക്തമല്ല | 3-8 |
| 9 | ഓഫീസ് അനക്സ് കെട്ടിട നിർമ്മാണം - പ്രൊജക്ടിലെ അപാകതകൾ | 3-9 |
| 10 | വെറ്ററിനറി പ്രൊജക്ടുകൾ- കുന്നുകുട്ടി പരിപാലന പദ്ധതി- കൈമാറിയ തുകയ്ക്ക് വിനിയോഗ സർട്ടിഫിക്കറ്റ് ലഭിച്ചില്ല. | 3-10 |
| 11 | ഫറോക്ക് മുനിസിപ്പൽ സെക്രട്ടറി നടപ്പാക്കിയ പ്രൊജക്ടുകൾ - കൈമാറിയ തുകകൾക്ക് വിനിയോഗ സർട്ടിഫിക്കറ്റ് ലഭിച്ചില്ല. | 3-11 |
| 12 | പെയിൻ ആന്റ് പാലിയേറ്റീവ് കെയർ പദ്ധതി - സർക്കാർ മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായ ചെലവ് | 3-12 |
| 13 | എസ്.എസ്.എ.ഫണ്ട് - കൈമാറിയ തുകക്കുള്ള വിനിയോഗ സർട്ടിഫിക്കറ്റ് ലഭിച്ചിട്ടില്ല. | 3-13 |
| 14 | ഹോംകോയ്ക്ക് കൈമാറിയ നാലു ലക്ഷം രൂപക്കുള്ള ഹോമിയോ മരുന്നുകൾ ഇനിയും ലഭിച്ചില്ല. | 3-14 |
| 15 | സേവനപുസ്തകങ്ങളുടെ സൂക്ഷിപ്പ് / പരിപാലനം - അപാകതകൾ | 3-15 |
| 16 | വാഹനങ്ങളുടെ പരിപാലനത്തിലെ അപാകതകൾ ഫറോക്ക് നഗരസഭയുടെ അഞ്ച് വാഹനങ്ങളുടെ ലോഗ് ബുക്കുകൾ പരിശോധിച്ചതിൽ കണ്ട അപാകതകൾ താഴെപ്പറയുന്നു. | 3-16 |
| 17 | ഫണ്ട് വിനിയോഗം - അവലോകനം | 3-17 |

ഭാഗം 4 പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

| ക്രമ | ഇനം | ഖണ്ഡിക നം. |
|---|---|---|

| നം. | | |
|---|---|---|
| 1 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 4 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 8 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 9 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ (ഗ്രാമപഞ്ചായത്ത്) | 4-9 |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ പുതുക്കിയ ബജറ്റ് 23-3-2017 തിയ്യതിയിലെ ഒന്നാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31-7-2017 | 31-7-2017 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2016-17 | 8-7-2017 | ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്. |

## 1-4 സാമ്പത്തിക വിശകലനം

മുന്നിരിപ്പ് - 15006431

വരവ് - 107672279

ആകെ - 122678710

ചെലവ് - 102339062

നീക്കിയിരിപ്പ്- 20339648

## 1-5 ഫണ്ട് വിനിയോഗം (എ.സി.ആർ പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 17782086 | 17782086 | 17743309 | 38777 | 99.78 |
| വികസനഫണ്ട് എസ്.സി.പി. | 0 | 9182895 | 9182895 | 7741111 | 1441784 | 84.29 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 2241 | 2241 | 2241 | 0 | 100 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 6711735 | 6711735 | 5773830 | 937905 | 86.02 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 4931118 | 4931118 | 4930279 | 839 | 99.98 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 9065841 | 9065841 | 7498296 | 1567545 | 82.70 |
| പെർഫോമൻസ് ഗ്രാന്റ് | 0 | 7704857 | 7704857 | 4546697 | 3158160 | 59.01 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 265 | 141109169 | 182 | 67714553 | 52 | 83 | 49 |

## 1-7 തനത് വരുമാനം.

ഓഡിറ്റിന് ലഭ്യമാക്കിയ വാർഷികകണക്ക് പ്രകാരം മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 152 ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 6104866 | 15914424 | 9809558 | +160 |
| നികുതിയേതര വരവുകൾ | 2329913 | 5705033 | 3375120 | +144 |
| മറ്റുവരവുകൾ | 412446 | 680147 | 267701 | +64 |
| ആകെ | 8847225 | 22299604 | 13452379 | +152 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം നഗരസഭ നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 105240 | 67 |
| കർഷകതൊഴിലാളി പെൻഷൻ | 735150 | 285 |
| വിധവാപെൻഷൻ | 4653800 | 1842 |
| വാർദ്ധക്യകാലപെൻഷൻ | 7801500 | 3636 |
| വികലാംഗപെൻഷൻ | 1153550 | 484 |
| അവിവാഹിതകളായ സ്ത്രീകൾക്ക് പെൻഷൻ | 393000 | 147 |
| വിവാഹ ധനസഹായം | 330000 | 11 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22-5-2017 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 52774/- രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 12-11-2015മുതൽ | 1/8/2015 മുതൽ 31-10-2015 വരെ | റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 15-7-2017 മുതൽ | 2012/13 മുതൽ 2016/17 | എൽ.ബി.എ (എച്ച്.ക്യൂ) |

| | | | |
|---|---|---|---|
| | | | VI/8A-2644/17-18/103<br>തീയ്യതി-3-8-17 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാർഷികകണക്ക് അപാകതകൾ

വാർഷികകണക്ക് പരിശോധനയിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1) 2016-17 ത്തെ വാർഷികകണക്ക് ഫങ്ഷൻ ഫങ്ഷണറി അടിസ്ഥാനത്തിൽ പുനക്രമീകരിച്ച് വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

2)തൻവർഷം സ്ഥാപനത്തിന്റെ ബാലൻസ് ഷീറ്റ് പ്രകാരം 12226283/- രൂപ സ്ഥിര നിക്ഷേപമായി ഉണ്ട് .ഇത് സംബന്ധിച്ച രജിസ്റ്റർ ,സ്ഥിര നിക്ഷേപ സർട്ടിഫിക്കറ്റ് എന്നിവ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

3) തൻ വർഷം ഡെപ്പോസിറ്റ് രജിസ്റ്റർ,അഡ്വാൻസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.വസ്തുനികുതി,തൊഴിൽ നികുതി എന്നിവയുടെ ഡിമാന്റ് കളക്ഷൻ ബാലൻസ് രജിസ്റ്റർ എന്നിവ തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

4) 2015-16 വാർഷികകണക്ക് ബാലൻസ് ഷീറ്റ് പ്രകാരം വസ്തുനികുതി ഇനത്തിൽ പിരിച്ചെടുക്കാൻ അവശേഷിക്കുന്ന തുക 1722131 രൂപയാണ്.എന്നാൽ 2016-17 വാർഷികകണക്ക് പ്രകാരം വസ്തു നികുതി അരിയർ കളക്ഷനായി 3017283 രൂപയും ബാലൻസ് ആയി 449999 രൂപയും ഉള്ളതായാണ് കാണിച്ചിരിക്കുന്നത് .ഇവ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

5) വാർഷികകണക്ക് പ്രകാരം തൻ വർഷം തൊഴിൽ നികുതി ഇൻസ്റ്റിറ്റ്യൂഷൻ, പ്രൊഫഷണൽസ്/ട്രേഡേഴ്സ് ഇനത്തിൽ ഡിമാന്റായി 3102046 രൂപയും ,തൊഴിൽ നികുതി എംപ്ളോയീസ് ഇനത്തിൽ ഡിമാന്റ് തുക 3306880 രൂപയാണ് . എന്നാൽ തൊഴിൽ നികുതി ഇൻസ്റ്റിറ്റ്യൂഷൻ,പ്രൊഫഷണൽസ്/ട്രേഡേഴ്സ് ആയി കളക്ഷൻ തുകയായി 1250240 രൂപയും തൊഴിൽ നികുതി എംപ്ളോയീസ് കളക്ഷൻ തുകയായി 3306568 രൂപയും ബാലൻസ് തുകയായി 56430 രൂപയുമമണ്ട് ഇവ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

6) ഓഡിറ്റ് റിക്കവറി രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ ഈ ഇനത്തിൽ വരവുള്ള 53000 രൂപ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമല്ല.

7)നിർവ്വഹണ ഉദ്യോഗസ്ഥനായ മുനിസിപ്പൽ എൻജിനീയർ വിവിധ മരാമത്ത് പ്രവൃത്തികളിൽ നിന്നീടാക്കിയ വാറ്റ്, നിർമ്മാണ ക്ഷേമനിധി,ഇൻകം ടാക്സ് ഇനത്തിലുള്ള തുകകൾ വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

8)കൈമാറി കിട്ടിയ സ്ഥാപനങ്ങളടക്കമുള്ളവയുടെ ആസ്തികൾ ഉൾപ്പെടുത്തി ആസ്തിരജിസ്റ്റർ കാലികമാക്കി മൂല്യം വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

9)സഞ്ചയ സാംഖ്യ ഇന്റഗ്രേഷൻ നടത്തിയിട്ടില്ല.

## 2-2 തൊഴിൽനികുതി പിരിവിലെ അപാകതകൾ

തൻവർഷം തൊഴിൽ നികുതി പിരിവ് സംബന്ധിച്ച ഡിമാന്റ് രജിസ്റ്റർ സൂക്ഷിപ്പിൽ താഴെപറയുന്ന അപാകതകൾ കാണുന്നു.1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് 257 ാം വകുപ്പ് പ്രകാരം സെക്രട്ടറി 253ാം വകുപ്പ് (2) ാം ഉപ വകുപ്പിൽ പറഞ്ഞിട്ടുള്ള ഓരോ സ്ഥാപനത്തിനും പ്രത്യേകം പേജുകൾ അനുവദിച്ചുകൊണ്ട് വാർഡ് തിരിച്ചുള്ള ഒരു ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.എന്നാൽ 2016-17 വർഷം കച്ചവടക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നത് സംബന്ധിച്ച് ഡിമാന്റ് രജിസ്റ്റർ

സൂക്ഷിച്ചിട്ടില്ല. സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നത് സംബന്ധിച്ച ഡിമാന്റ് രജിസ്റ്ററിൽ 253 (3) പ്രകാരം മുഴുവൻ ഓഫീസുകളുടേയും സ്ഥാപനങ്ങളുടേയും പേരുകൾ രജിസ്റ്റർ ചെയ്തിട്ടില്ല. തൊഴിൽ നികുതി പിരിവ് സംബന്ധിച്ച രജിസ്റ്ററുകളും ഫയലുകളും സൂക്ഷിക്കാത്തതിനു വിശദീകരണം നൽകുന്നതോടൊപ്പം ആയത് തയ്യാറാക്കി ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

## 2-3 വസ്തു നികുതി - പൊതു അപാകതകൾ

1) നിയമാനുസൃതമല്ലാതെ നിർമ്മിച്ച കെടിടങ്ങളുടെ വസ്തു നികുതി നിർണ്ണയം :

i) ചട്ടപ്രകാരമല്ല നമ്പർ നല്കുന്നത്

2011ലെ കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും സേവന ഉപനികുതിയും,സർചാർജ്ജും) ചട്ടങ്ങൾ 20 (2) പ്രകാരം, നിയമാനുസൃതമല്ലാതെ നിർമ്മിച്ച കെടിടത്തിന് കെട്ടിട നമ്പർ നൽകേണ്ടത് സാധാരണ കെട്ടിട നമ്പർ നൽകുന്ന രീതിയിലായിരിക്കാൻ പാടില്ല.പ്രസ്തുത കെട്ടിടത്തിന് നിയമാനുസൃതമല്ലാത്ത നിർമ്മാണമാണെന്ന സൂചിപ്പിക്കുന്ന “U A” എന്നും അനധികൃത നിർമ്മാണത്തിന്റെ വർഷവും ചേർത്ത് കെട്ടിട നമ്പർ രൂപപ്പെടുത്തിയാണ് നൽകേണ്ടത്. ഇപ്രകാരം കെട്ടിടനമ്പർ നല്കുന്നത് , 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം 242 ാം വകുപ്പ് പ്രകാരം വസ്തുനികുതി നിർണ്ണയിക്കുന്നതിനു വേണ്ടി മാത്രം ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതും മറ്റ് യാതൊരാവശ്യങ്ങൾക്കും മുനിസിപ്പാലിറ്റിയോ കെടിടഉടമയോ പ്രസ്തുത കെട്ടിടനമ്പർ ഉപയോഗിക്കാൻ പാടില്ലാത്തതുമാണ്. മേൽ ചട്ടം 20 (1)പ്രകാരം, പ്രത്യേക കെടിടനമ്പർ നൽകി അവയെ സംബന്ധിച്ച വിവരങ്ങൾ ഫോറം 10 പ്രകാരമുള്ള രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്.

എന്നാൽ 2016-17 വർഷം കെട്ടിട നമ്പർ നൽകിയ താഴെപ്പറയുന്ന 3 കെട്ടിടങ്ങൾക്ക് സാധാരണ കെട്ടിട നമ്പർ നൽകുന്ന രീതിയിലാണ് നമ്പർ നൽകിയിരിക്കുന്നതും വിവരങ്ങൾ ഫോറം 10 പ്രകാരമുള്ള രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടുമില്ല. മാത്രമല്ല, മേൽ ചട്ടം 20 (4) ന വിരുദ്ധമായി, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം 242 ാം വകുപ്പ് പ്രകാരം നടപടികൾ സ്വീകരിക്കാതെ വ്യാപാരാവശ്യങ്ങൾക്ക് അനുമതിയും നൽകിയതായി കാണുന്നു.

| ക്രമ നമ്പർ | ഉടമസ്ഥന്റെ പേര്, മേൽ വിലാസം | വിഭാഗം | കൈവശക്കാരന്റെ പേര്, മേൽ വിലാസം | നികുതി |
|---|---|---|---|---|
| 1 | കെ വി ഫാത്തിമ w/o മുഹമ്മദ് ഹസ്സൻ ചോയ്സ്, ചുങ്കം കോഴിക്കോട് | വാണിജ്യം UA 7/694 A | Popular Mega Motors india Ltd, Palarivattom, Ernakulam | 4,36,414/- |
| 2 | കെ വി ഫാത്തിമ w/o മുഹമ്മദ് ഹസ്സൻ ചോയ്സ്, ചുങ്കം കോഴിക്കോട് | വാണിജ്യം UA 7/694 B | Popular Mega Motors india Ltd, Palarivattom, Ernakulam | 108,039/- |

| | | | | |
|---|---|---|---|---|
| 3 | കെ വി ഫാത്തിമ w/o മുഹമ്മദ് ഹസ്സൻ ചോയ്സ്,ചുങ്കം കോഴിക്കോട് | വാണിജ്യം UA 7/694 C | Popular Mega Motors india Ltd, Palarivattom, Ernakulam | 130,971/- |

ii) ഡിമാന്റ് നോട്ടീസ് നല്കുന്നില്ല

മേൽ ചട്ടങ്ങൾ 20(3) പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങൾക്ക്,242വകുപ്പ് പ്രകാരം വസ്തു നികുതി നിർണ്ണയിക്കേണ്ടതും വസ്തു നികുതി ആവശ്യപ്പെട്ടുകൊണ്ടുള്ള ഡിമാന്റ് നോട്ടീസ് ഉടമസ്ഥന് നൽകേണ്ടതുമാണ്.

iii) ഫയലുകൾ /പകർപ്പുകൾ സൂക്ഷിക്കുന്നില്ല.

കെ വി ഫാത്തിമ, w/o മുഹമ്മദ് ഹസ്സൻ,ചോയ്സ്,ചുങ്കം കോഴിക്കോട് എന്നവർക്ക് U A നമ്പർ അനുവദിച്ച A4/8610/15 നമ്പർ ഫയൽ VACB കോഴിക്കോട് യൂനിറ്റിനു 30.01.2017 നു കൈമാറിയതിനാലും പകർപ്പെടുത്ത് സൂക്ഷിക്കാത്തതിനാലും കൂടുതൽ പരിശോധന നടത്താൻ കഴിഞ്ഞില്ല. ഇങ്ങനെ വിവിധ ഏജൻസികൾക്ക് ഫയലുകൾ കൈമാറുമ്പോൾ നിർബന്ധമായും പകർപ്പെടുത്ത് സൂക്ഷിക്കേണ്ടതാണ്.

2) വിമുക്ത ഭടൻമാരുടെ ഭവനങ്ങളുടെ വീട്ടുകരം ഒഴിവാക്കൽ

വിമുക്ത ഭടൻമാരുടെയോ അവരുടെ ഭാര്യ അല്ലെങ്കിൽ ഏറ്റുമുട്ടലിൽ അംഗവൈകല്യം സംഭവിച്ച ജവാൻ/ അവരുടെ വിധവ എന്നിവരുടെ യഥാർത്ഥ താമസത്തിനുപയോഗിക്കുന്ന ഭവനങ്ങളുടെ വസ്തു നികുതി ഒഴിവാക്കിയത് സംബന്ധിച്ച 02.07.2013 ലെ ജി ഒ (എം എസ്) നം. 242/13 നമ്പർ സർക്കാർ ഉത്തരവ് പ്രകാരം, 2016-17ൽ വസ്തു നികുതി ഒഴിവാക്കിയ അപേക്ഷകളിൽ താഴെപ്പറയുന്ന നിബന്ധനകൾ പാലിച്ചിട്ടില്ല.

i) നികുതി ഇളവ് അനുവദിക്കുന്ന വിവരം വിമുക്ത ഭടന്റെ ഡിസ്ചാർജ്ജ് സർട്ടിഫിക്കേറ്റിലോ, സർവീസ് രേഖയിലോ രേഖപ്പെടുത്തി മുദ്ര വെച്ച് നൽകുന്നില്ല.

ii) വസ്തു നികുതി ഇളവ് അനുവദിക്കുന്നത് സംബന്ധിച്ച പ്രത്യേക രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

iii) മറ്റൊരു കെട്ടിടത്തിനും നികുതിയിളവ് ലഭിക്കുന്നില്ലെന്നുള്ള സത്യവാങ്മൂലം വെള്ളക്കടലാസിൽ അപേക്ഷയോടൊപ്പം വാങ്ങുന്നില്ല.

3) 660 ചതുരശ്ര അടിയിൽ താഴെയുള്ള വാസഗൃഹങ്ങളെ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കിയത്

സ. ഉ. (എം എസ്) നം. 144/15/ ത. സ്വ. ഭ. വ. തിയ്യതി 27/04/2015 പ്രകാരം, 660 സ്ക്വയർ ഫീറ്റ് വരെ വിസ്തീർണ്ണമുള്ള വാസഗൃഹങ്ങളെ 2015-16 മുതൽ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുള്ളതാണ്. ഒരു പഞ്ചവർഷ അസസ്മെൻറ് കാലയളവിലേയ്ക്ക് ഇപ്രകാരം നികുതി ഒഴിവ് നല്കുന്നതിന് ഉടമസ്ഥന്റെ സത്യവാങ്മൂലം സെക്രട്ടറി വാങ്ങി കർശനമായും സൂക്ഷിക്കേണ്ടതാണ്. എന്നാൽ 2016-17 ൽ അനുവദിച്ച താഴെപ്പറയുന്ന അപേക്ഷകളിൽ സ ഉ (എം എസ്) നം. 358/15/ ത സ്വ ഭ വ തിയ്യതി 16/12/2015 ൽ പറയുന്ന അനുബന്ധം (2) പ്രകാരം സത്യവാങ്മൂലം സമർപ്പിച്ചിട്ടില്ല.

ഉദാ :

| ക്രമ നമ്പർ | പേര് | കെട്ടിട നമ്പർ, മേൽ വിലാസം |
|---|---|---|

| | | |
|---|---|---|
| 1 | രഘുനാഥൻ | 5/392 A തട്ടാർ തൊടി ചന്തക്കടവ്,ഫറോക്ക് |
| 2 | രാധാകൃഷ്ണൻ | 17/402 വട്ടേങ്ങാട് ഇല്ലക്കണ്ടിപറമ്പ്,നല്ലൂർ,ഫറോക്ക് |

4) രജിസ്റ്ററുകളുടെ സൂക്ഷിപ്പ്

1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം, 2011ലെ കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും സേവന ഉപനികുതിയും,സർചാർജ്ജും) ചട്ടങ്ങൾ എന്നിവ പ്രകാരമുള്ള രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല.

1) 2011ലെ കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ 3 (6) പ്രകാരം, ആക്റ്റിലെ 235 ാം വകുപ്പ് പ്രകാരം വസ്തു നികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടുള്ള കെട്ടിടങ്ങളെ സംബന്ധിച്ച് അടിസ്ഥാന വിവരങ്ങളും അവ നികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടതിനുള്ള കാരണങ്ങളും സെക്രട്ടറി ഒരു പ്രത്യേക രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിച്ചു പോരേണ്ടതാണ്.

2) മേൽ ചട്ടങ്ങൾ 21(3) പ്രകാരം,ഒഴിവായികിടക്കുന്ന കെട്ടിടത്തിന് അനുവദിക്കുന്ന ഏതൊരു ഇളവും ഫോറം 11ലുള്ള നികുതി ഇളവ് രജിസ്റ്ററിൽ ചേർക്കേണ്ടതാണ്.

3) സ ഉ (എം എസ്) നം. 144/15/ ത സ്വ ഭ വ തിയ്യതി 27/04/2015 പ്രകാരം, 2015-16 മുതൽ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കിയ 660 സ്ക്വയർ ഫീറ്റ് വരെ വിസ്തീർണ്ണമുള്ള വാസഗൃഹങ്ങൾ സംബന്ധിച്ച വിശദാംശങ്ങളും മേൽ ചട്ടങ്ങൾ 3 (6) പ്രകാരം സൂക്ഷിച്ചിട്ടുള്ള രജിസ്റ്ററിൽ ചേർക്കേണ്ടതാണ്.

4) മേൽ ചട്ടങ്ങൾ 20 (1) പ്രകാരം, നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങൾക്ക് പ്രത്യേക നമ്പർ നൽകി അവ സംബന്ധിച്ച വിശദാംശങ്ങൾ ഫോറം 10ലുള്ള രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

5) മേൽ ചട്ടങ്ങൾ 13 പ്രകാരം, ഒരു കെട്ടിടത്തിന്റെ വസ്തു നികുതി നിർണ്ണയിക്കുകയും വസ്തു നികുതി നിർണ്ണയ രജിസ്റ്ററിൽ രേഖപ്പെടുത്തുകയും ചെയ്തുകഴിഞ്ഞാൽ അപ്രകാരമുള്ള നികുതി ഈടാക്കുന്നതിലേക്കായി ആവശ്യമായ വിവരങ്ങൾ ഫോറം 8ലുള്ള വസ്തുനികുതി ഡിമാന്റ് രജിസ്റ്ററിൽ ചേർക്കേണ്ടതാണ്.

6) സ ഉ (എം എസ്) നം. 210/13/ ത സ്വ ഭ വ തിയ്യതി 04/06/2013 പ്രകാരം, സഞ്ചയ സോഫ്റ്റ് വെയർ ഉപയോഗിച്ച് വസ്തു നികുതി നിർണ്ണയം നടത്താവുന്നതും,നടപടികൾ പൂർത്തീകരിച്ച് ഗുണമേൻമയുള്ള കടലാസിൽ അതിന്റെ പ്രിന്റൗട്ട് എടുത്ത് സെക്രട്ടറിയുടെ സാക്ഷ്യപ്പെടുത്തലോടെ വസ്തു നികുതി അസസ്മെന്റ് രജിസ്റ്ററായി സൂക്ഷിക്കാവുന്നതുമാണ്.

എന്നാൽ മേൽപ്പറഞ്ഞ രജിസ്റ്ററുകളൊന്നും സൂക്ഷിച്ചിട്ടില്ല.

5)വസ്തുനികുതി പുനർനിർണ്ണയം നടത്തിയിട്ടില്ല

14.01.2011 ലെ സ.ഉ (അ) 18/2011 ത.സ്വ.ഭ.വ പ്രകാരം മുനിസിപ്പാലിറ്റിയിൽ വസ്തുനികുതി പുനർനിർണ്ണയിക്കുന്നതിനു 08.01.2016 ന് ചേർന്ന ഭരണസമിതി യോഗത്തിൽ വിവിധ ഉപയോഗക്രമങ്ങൾക്ക് അടിസ്ഥാന വസ്തുനികുതി നിരക്കുകൾ പുനർ നിർണ്ണയിക്കുന്നതിന് നടപടിക്രമങ്ങൾ ആരംഭിക്കുവാൻ തീരുമാനമെടുത്തെങ്കിലും വസ്തുനികുതി നിരക്കുകൾ പ്രസിദ്ധപ്പെടുത്തി കരട് വിജ്ഞാപനം ഓഡിറ്റ് കാലയളവു വരെയും പുറപ്പെടുവിച്ചിട്ടില്ല.മാത്രമല്ല,പഞ്ചായത്തിനു ബാധകമായ നിരക്കിലാണ് നികുതി നിശ്ചയിച്ചിരിക്കുന്നതും. മുനിസിപ്പാലിറ്റി രൂപീകരിച്ചിട്ട് രണ്ട് വർഷത്തോളമായിട്ടും പ്രസ്തുത വിഷയത്തിൽ നടപടി കൈക്കൊണ്ടില്ല. ആയതിനാൽ വസ്തുനികുതിയിൽ ഗണ്യമായ കുറവ് സംഭവിക്കുന്നുണ്ട്.

6) നിശ്ചിത നിരക്കിലുള്ള വസ്തു നികുതി ഈടാക്കുന്നില്ല.

ഫറോക്ക് നഗര സഭാ കൗൺസിലിന്റെ 8.01.2016 ലെ 7ാം നമ്പർ തീരുമാന പ്രകാരം വാണിജ്യാവശ്യത്തിനുള്ള 100 ച. മീറ്ററിനു മുകളിൽ വിസ്തീർണ്ണമുള്ള ഹോട്ടൽ റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗണുകൾ എന്നിവയ്ക്ക് നിശ്ചയിച്ച അടിസ്ഥാന നികുതി നിരക്ക് 80/- രൂപയാണ്. എന്നാൽ സഞ്ചയ യിൽ 70/- രൂപനിരക്കിലാണ് നികുതി നിശ്ചയിക്കുന്നത്.

| ക്രമ നമ്പർ | പേര്,മേൽ വിലാസം | കെട്ടിട നമ്പർ, | വിസ്തീർണ്ണം | നികുതി നിരക്ക് |
|---|---|---|---|---|
| 1 | കെ വി ഫാത്തിമ<br>w/o മുഹമ്മദ് ഹസ്സൻ<br>ചോയ്സ്,ചുങ്കം കോഴിക്കോട് | 7/ 694 A | 613.2 ച മീ | 70/- |

7) വാർത്താവിനിമയ ഗോപുരങ്ങളുടെ വസ്തു നികുതി ഈടാക്കുന്നില്ല.

1999 ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ, ചട്ടം.130 പ്രകാരം നഗരസഭ പരിധി പ്രദേശങ്ങളിൽ ഏതെങ്കിലും സർക്കാരിതര വാർത്താ വിനിമയ ഗോപുരങ്ങൾ [വാർത്താ വിനിമയ ളുണ് നിർമ്മാണങ്ങളോ, അനുബന്ധ മുറികളോ] സെക്രട്ടറിയിൽ നിന്നും പ്രത്യേകം അനുവാദം ലഭിക്കാതെ നിർമ്മിക്കുവാനോ അല്ലെങ്കിൽ പുനർനിർമ്മിക്കുവാനോ അല്ലെങ്കിൽ മാറ്റം വരുത്തുവാനോ, അവ ചെയ്യിക്കുവാൻ ഇടയാക്കുകയോ ചെയ്യാൻ പാടില്ലാത്തതാകുന്നു.

2016-17 ലെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 2-2 പ്രകാരം, 24.01.2017 നു നടത്തിയ പരിശോധനയിൽ നഗരസഭ കാര്യാലയത്തിന്റെ പരിധിയിൽ വരുന്ന ഫറോക്ക് ടൗൺ, ചുങ്കം, പേട്ട എന്നീ പരിസരങ്ങളിൽ 15 മൊബൈൽ ടവറുകൾ നിർമ്മാണം പൂർത്തീകരിച്ച് പ്രവർത്തിക്കുന്നതായി പറയുന്നു. എന്നാൽ സഞ്ചയയിലെ റിപ്പോർട്ടു പ്രകാരം ആറ് മൊബൈൽ ടവറുകളുടെ വിവരങ്ങൾ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഇവയുടെ വസ്തു നികുതി ഈടാക്കിയതു സംബന്ധിച്ച വിവരങ്ങൾ സാംഖ്യയിലോ, സഞ്ചയയിലോ ലഭ്യവുമല്ല. മൊബൈൽ ടവറുകളുടെ വിവരങ്ങൾ ലഭ്യമായിരുന്നിട്ടും മുഴുവൻ ടവറുകൾക്കും കെട്ടിട നമ്പർ അനുവദിച്ച് വസ്തു നികുതി ഈടാക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കേണ്ടതും, നഗരസഭ പരിധിയിൽ നിലവിൽ എത്ര മൊബൈൽ ടവറുകൾ ഉണ്ടെന്നും ആയതിന്റെ ഉടമസ്ഥന്റെ പേര്, ടവറുകളുടെയും അനുബന്ധ കെട്ടിടങ്ങളുടേയും വിസ്തീർണ്ണം, ഈടാക്കിയ വസ്തു നികുതി, അനധികൃതമായി നിർമ്മിച്ചതിന്റെ പിഴ, UA പ്രകാരമുള്ള വസ്തു നികുതി തുടങ്ങിയ വിശദാംശങ്ങൾ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്.

8) ലൈബ്രറി സെസ്സ് അടയ്ക്കുന്നില്ല

2000 ലെ കേരള അധികാര വികേന്ദ്രീകരണ നിയമം ( The Kerala Decentralisation of PowersAct,2000) 35(8) (3) വകുപ്പ് പ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ വസ്തു നികുതിയോടൊപ്പം പിരിച്ചെടുക്കുന്ന ലൈബ്രറി സെസ്സ് മൂന്ന് മാസത്തിനകം ലൈബ്രറി കൗൺസിലിൽ അടയ്ക്കാത്ത പക്ഷം 2% പിഴ പലിശ സഹിതം അടയ്ക്കേണ്ടതാണ്. 20.09.15 ലെ 10088/സി 3/05/എൽ. എസ്. ജി. ഡി. നം. കത്ത് പ്രകാരം നഗരസഭ ഒരു വർഷം ലൈബ്രറി സെസ് ഇനത്തിൽ പിരിക്കുന്ന തുക രണ്ട് ഗഡുക്കളായി ഏപ്രിൽ 30,നവംബർ 30 എന്നീ തിയ്യതികൾക്കുള്ളിൽ ലൈബ്രറി കൗൺസിലിലേക്ക് അടക്കേണ്ടതാണ്. എന്നാൽ 2016-17 ലെ വാർഷിക കണക്കുകൾ പ്രകാരം 10,78,636/- രൂപ ലൈബ്രറി സെസ്സ് ഇനത്തിൽ അടയ്ക്കാൻ ബാക്കിയുണ്ട്. ഇതു സംബന്ധിച്ച ഫയലുകളോ,രേഖകളോ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കേണ്ടതാണ്.

9) സഞ്ചയ സോഫ്റ്റ് വെയറിന്റെ അപാകതകൾ.

മുനിസിപ്പൽ ഓഫീസിൽ ഉപയോഗിച്ച് വരുന്ന സഞ്ചയ സോഫ്റ്റ് വെയറിന്റെ ചില അപാകതകൾ താഴെപ്പറയുന്നു :

i) 2015 നവംബറിൽ മുനിസിപ്പാലിറ്റിയായി മാറിയിട്ടും പഞ്ചായത്തിന്റെ ലോഗിൻ തന്നെയാണ് നിലവിൽ ഉപയോഗിച്ച് വരുന്നത്.

ii) കൗൺസിലിന്റെ 8.01.2016 ലെ 7ാം നമ്പർ തീരുമാന പ്രകാരം വാണിജ്യാവശ്യത്തിനുള്ള 100 ച. മീറ്ററിനു മുകളിൽ വിസ്തീർണ്ണമുള്ള ഹോട്ടൽ റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗണുകൾ എന്നിവയ്ക്ക് നിശ്ചയിച്ച അടിസ്ഥാന നികുതി നിരക്ക് 80/- രൂപയാണ്. എന്നാൽ സഞ്ചയ യിൽ 70/- രൂപനിരക്കിലാണ് നികുതി നിശ്ചയിക്കുന്നത്.

iii) സാംഖ്യ – സഞ്ചയ സംയോജനത്തിനുള്ള നടപടികളൊന്നും ആരംഭിച്ചിട്ടില്ല.

iv) പഞ്ചായത്തിന്റെ ലോഗിൻ തന്നെ ഉപയോഗിക്കുന്നതിനാലും സാംഖ്യ – സഞ്ചയ സംയോജനം ചെയ്യാത്തതിനാലും കമ്പ്യൂട്ടർവൽക്കരണത്തിന്റെ പ്രയോജനം ലഭിക്കുന്നില്ല.

## 2-4 വൻകിട കെട്ടിട നിർമ്മാണം - അനുമതി നല്കിയതിലെ അപാകത

2016 – 17 വർഷത്തിൽ ഫറോക്ക് മുനിസിപ്പാലിറ്റിയിൽ നിന്നും നല്കിയ താഴെപ്പറയുന്ന കെട്ടിട നിർമ്മാണ അനുമതിയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

| | |
|---|---|
| കെട്ടിട നിർമ്മാണ അനുമതി നമ്പർ | എ4 / 13035 / 467 / 16-17 തിയ്യതി 27.01.17 |
| അപേക്ഷ തിയ്യതി | 02.12.2017 |
| അപേക്ഷകൻ | ശ്രീ.അനിൽ കുമാർ ഗോപാലൻ , വൈസ് പ്രസിഡന്റ് & ഏരിയ ഹെഡ് , ശോഭ ലിമിറ്റഡ് . |
| കെട്ടിടത്തിന്റെ തരം | റെസിഡൻഷ്യൽ അപ്പാർട്ട്മെന്റ് |
| കെട്ടിടത്തിന്റെ പ്ലിന്ത് വിസ്തീർണം | 59528.41 എം2 |
| പ്ലോട്ട് വിസ്തീർണം | 366 സെന്റ്. |
| പ്ലോട്ട് സ്ഥിതി ചെയ്യുന്നത് | സർവ്വേ നമ്പർ 159 / 2B ,ഫറോക്ക് വില്ലേജ് |
| പെർമിറ്റ് ഒപ്പിട്ട് നല്കിയത് | ശ്രീ.പി.എം.സുരേഷ് ബാബു , സെക്രട്ടറി , ഫറോക്ക് മുനിസിപ്പാലിറ്റി |

3 ബേസ്മെന്റ് ഫ്ലോർ , ഗ്രൗണ്ട് ഫ്ലോർ , 27 നിലകൾ എന്നിവയടങ്ങുന്ന കെട്ടിടമാണ് വിഭാവനം ചെയ്തിട്ടുള്ളത്. ഫയൽ പരിശോധിച്ചതിൽ കണ്ട അപാകതകൾ താഴെപ്പറയുന്നു.

1). 20000 സ്ക്വയർ മീറ്ററിലധികം നിർമ്മിതി വിസ്തീർണമുള്ളതിനാൽ 1999 ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ, ചട്ടം 23 (4a) പ്രകാരം കേരള പരിസ്ഥിതി - വനം മന്ത്രാലയത്തിന്റെ സ്റ്റേറ്റ് ലെവൽ എൻവയോൺമെന്റ് ഇംപാക്ട് അസസ്മെന്റ് അതോറിറ്റിയുടെ (SEIAA) യുടെ മുൻകൂർ അനുമതി ആവശ്യമുള്ള കെട്ടിടനിർമ്മാണമാണിത്. സാധുതയുള്ള മുൻകൂർ പാരിസ്ഥിതികാനുമതി ലഭിച്ചിട്ടുണ്ടെന്ന് ഉറപ്പ് വരുത്താതെ ഇത്തരം നിർമ്മാണങ്ങൾക്ക് തദ്ദേശസ്വയംഭരണസ്ഥാപനം പെർമിറ്റ് സല്കുവാൻ പാടുള്ളതല്ല.

ഇവിടെ നിർമ്മാണത്തിന് 23/2017 നമ്പർ പാരിസ്ഥിതികാനുമതി ലഭിച്ചത് 20.3.2017 ലെ 371/SEIAA/KL/2611/2014 നമ്പർ ഉത്തരവ് പ്രകാരമാണ്. എന്നാൽ കെട്ടിടനിർമ്മാണത്തിന് ഫറോക്ക് മുനിസിപ്പാലിറ്റിയിൽ നിന്നും അനുമതി നല്കിയത് 27.01.2017 തിയ്യതിയിലെ എ4 / 13035 / 467 / 16-17 പെർമിറ്റ് പ്രകാരമാണ്. അതായത് പാരിസ്ഥിതിക അനുമതി ലഭിക്കുന്നതിന് മുൻപേ കെട്ടിട നിർമ്മാണത്തിന് അനുമതി നല്കിയിട്ടുണ്ട്.

2). ഇതേ പ്ലോട്ടിൽ മേൽ പരാമർശിച്ച അപേക്ഷകന് തന്നെ ഇതിനു മുൻപ് 20.09.2014 ലെ എ4 / 10170 പെർമിറ്റ് പ്രകാരം 282.84 എം2 പ്ലിന്ത് വിസ്തീർണമുള്ള കെട്ടിടം നിർമ്മിക്കുന്നതിന് പെർമിറ്റ് നല്കിയിരുന്നു. എന്നാൽ പഞ്ചായത്ത് വക ചന്തക്കടവ് - പെട്രോൾ പറമ്പ് കോട്ടക്കടവ് റോഡിൽ നിന്ന് 3 മീറ്റർ വിടാതെ നിർമ്മാണം നടത്തിയതിനെത്തുടർന്ന് 22.07.2015 ലെ എ4 – 13736 /2014 നമ്പർ കത്ത് പ്രകാരം മേൽ പരാമർശിച്ച പെർമിറ്റ് റദ്ദാക്കിയതായി പഞ്ചായത്ത് അപേക്ഷകനെ അറിയിച്ചിട്ടുണ്ട്.ഇതേത്തുടർന്ന്അപേക്ഷകൻ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ബഹു.ട്രിബ്യൂണൽ മുമ്പാകെ 871/2015 നമ്പർ അപ്പീൽ ഫയൽ ചെയ്തിട്ടുണ്ട്.അപ്പീൽ തീർപ്പായിട്ടില്ല.എന്നാൽ ഇക്കാര്യം അപേക്ഷകനോ , പഞ്ചായത്തോ SEIAA യെ അറിയിച്ചതായി കാണുന്നില്ല.

പ്രോജക്ടിനെതിരേയോ പ്ലോട്ടിനെതിരേയോ കേസുകൾ ഒന്നും നിലവിലുള്ളതായി അപേക്ഷകൻ അറിയിച്ചിട്ടില്ല എന്ന ആമുഖത്തോടെയാണ് SEIAA പാരിസ്ഥിതികാനുമതി നല്കിയത്. കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ലളിതമായ വ്യവസ്ഥ പോലും പാലിക്കാത്ത ഒരു അപേക്ഷകനാണ് സങ്കീർണവും നടപ്പാക്കുവാൻ ചെലവേറിയതുമായ വ്യവസ്ഥകളോട് കൂടിയതുമായ പാരിസ്ഥിതാകാനുമതി ഇപ്പോൾ ലഭിച്ചത് എന്നത് ഒരു വസ്തുതയാണ്.

3). 16.02.2016 തിയ്യതിയിലെ 4270 / A1 / 14 / KCZMA / S and TD നമ്പർ ഉത്തരവ് പ്രകാരമാണ് കെട്ടിട നിർമ്മാണത്തിന് CZMA ക്ലിയറൻസ് ലഭിച്ചത്. മേൽ ഉത്തരവിൽ താഴെപ്പറയും പ്രകരാമാണ് പരാമർശിച്ചിരിക്കുന്നത് . " ...as per the provisions of CRZ notification , the CRZ is limited to 100 metre from the HTL of river or to a distance equal to width of the river whichever is less. As per the proposal submitted the construction in question is 100 metres from the HTL of the river. Hence the area in Sy. No . 159 / 2B of Feroke village is outside CRZ limits and hence prior approval from KCZMA is not rquired in this area. " അതായത് മേൽ പരാമർശിച്ച നിരാക്ഷേപ പത്രത്തിന് വ്യക്തതയില്ല എന്ന് കാണാവുന്നതാണ്. എന്നാൽ ഇക്കാര്യത്തിൽ വ്യക്തത വരുത്താതെയാണ് പഞ്ചായത്ത് കെട്ടിടനിർമ്മാണ അനുമതി നല്കിയത്. CZMA യിൽ നിന്നും സ്പഷ്ടീകരണം ലഭ്യമാക്കേണ്ടതാണ്.

11.10.2014 തിയ്യതി , ഡോ.പി.എസ്.ഹരികുമാർ , ശ്രീ.ജോൺ മത്തായി എന്നിവർ അടങ്ങുന്ന SEAC സബ് കമ്മിറ്റി നടത്തിയ സ്ഥല പരിശോധനയിൽ " on the main river side adjacent to the road , healthy strands of mangroves were noted which means part of the project site falls in CRZ. Hence statutory clearance from KCZMA is warranted " എന്ന് പരാമർശിച്ചിട്ടുണ്ട്. ഇക്കാര്യം 23/2017 നമ്പർ പാരിസ്ഥിതികാനുമതിയിൽ വ്യക്തമാക്കിയിട്ടുള്ളതാണ്. ഈ വസ്തുതയും 871 /2015 നമ്പർ കേസിനെ സംബന്ധിച്ചുള്ള വസ്തുതകളും പാരിസ്ഥിതിക അനുമതി നല്കിയ ഏജൻസിയെ അറിയിച്ച് പുനരഭിപ്രായം തേടേണ്ടതാണ്.

4). കെട്ടിടത്തിന്റെ ഗ്രൗണ്ട് ഫ്ലോറിൽ പാർക്കിങ് & സർവ്വീസസ് എന്ന പേരിൽ 1844.68 എം2 വിസ്തീർണം കാണിച്ചിട്ടുണ്ട്. എന്നാൽ ഇവിടെ 5 പാർക്കിങ് യൂണിറ്റുകൾ മാത്രമേ ഉള്ളൂ. എന്നാൽ മുഴുവൻ വിസ്തീർണവും കെട്ടിടത്തിന്റെ ഫ്ലോർ വിസ്തീർണം കണക്കാക്കുമ്പോൾ ഒഴിവാക്കിയിട്ടുണ്ട്. സർവ്വീസസ് എന്ന പേരിൽ ഇളവ് നല്കിയ മറ്റ് ഭാഗങ്ങളും (ഇലക്ട്രിക്കൽ റൂമുകൾ ഉൾപ്പടെയുള്ളവ )അവയുടെ വിസ്തീർണവും വിശദമാക്കേണ്ടതാണ്.

അപാകതകൾ വിശദീകരിക്കേണ്ടതാണ്.

## 2-5 കരാറിനു വിരുദ്ധമായി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിന്റെ ഘടനയിൽ മാറ്റം വരുത്തി ഉപയോഗിക്കുന്നു.

മുനിസിപ്പാലിറ്റി വക നല്ലൂർ മിനി ഇൻഡസ്ട്രീയൽ എസ്റ്റേറ്റിലെ മുറികൾ വാടകക്കെടുത്ത് ചെറുകിട വ്യവസായം നടത്തുന്നത് 4 ഏജൻസികളാണ്. ഇതിൽ കുടുംബശ്രീയുടെ ശ്രേയസ്സ് ഫുഡ് പ്രൊഡക്ട്സ് വിഭാഗവും ഉൾപ്പെടും. 2015-16 വർഷ ഓഡിറ്റിന്റെ ഭാഗമായി പ്രസ്തുത സ്ഥലം പരിശോധിച്ചതിൽ നിന്നും മേൽ വിഭാഗക്കാർ എല്ലാവരും തന്നെ തങ്ങൾക്ക് അനുവദിച്ച മുറികളോട് അനധികൃതമായി കെട്ടിടത്തിനോട് കൂട്ടി ചേർക്കലുകൾ നടത്തിയും, ഇടച്ചുമർ പൊളിച്ച് കളഞ്ഞ് ഉപയോഗിക്കുന്നതായും കാണുവാൻ കഴിഞ്ഞു. ആയതിൽ മോർബിഡോ വിഭാഗത്തിന് അനുവദിച്ചതിനു പുറമേ കൂട്ടിചേർക്കലുകൾ നടത്തിയത് പ്രസ്തുത എസ്റ്റേറ്റിലേക്കുള്ള ഒരു വശത്തേക്കുള്ള വഴി അടച്ച് കൊണ്ടാണ്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | ലൈസൻസിയുടെയും, സ്ഥാപനത്തിന്റേയും പേര് | കൂട്ടിചേർക്കലുകൾ നടത്തി വിനിയോഗിക്കുന്ന തറവിസ്തീർണ്ണം (ച.മീ) |
|---|---|---|
| 1 | ശ്രീ.രജിത്ത്, ഇൻഡസ് പോളിവിനയൽ | 127.07,ച.മീ ചെരിപ്പ് നിർമ്മാണ യൂണിറ്റായി പ്രവർത്തിക്കുന്നു |
| 2 | ശ്രീ.രാജീവ്, പിസാഡ | 118.14,ച.മീ ചെരിപ്പ് നിർമ്മാണ യൂണിറ്റായി പ്രവർത്തിക്കുന്നു |
| 3 | ശ്രീ.ബാബു, മോർബിഡോ | 342.85, ച.മീവി.കെ.സി. കമ്പനിയുടെ ചെരിപ്പ് നിർമ്മാണ യൂണിറ്റായി പ്രവർത്തിക്കുന്നു |
| 4 | ശ്രേയസ്സ് ഫുഡ് പ്രൊഡക്ട്സ്, കുടുംബശ്രീ | 53.72 |

2000 ലെ കേരള മുനിസിപ്പാലിറ്റി (വസ്തു ആർജ്ജിക്കലും കയ്യൊഴിയലും) ചട്ടങ്ങളിലെ, ചട്ടം.7 പ്രകാരം മുനിസിപ്പാലിറ്റിയുടെ സ്വന്തമായ വസ്തുക്കൾ ബൈലോയുടെ അടിസ്ഥാനത്തിൽ ലൈസൻസിമേൽ വാടകക്കോ, പാട്ടത്തിനോ നൽകാവുന്നതാണ്. പ്രസ്തുത കെട്ടിടങ്ങൾ വാടകയ്ക്കെടുക്കുന്നവർ മുനിസിപ്പാലിറ്റിയുടെ മുൻകൂർ അനുമതിയില്ലാതെ യാതൊരു സാഹചര്യത്തിലും എന്തെങ്കിലും മാറ്റങ്ങളോ, കൂട്ടി ചേർക്കലുകളോ നടത്തുകയോ നടത്തുവാൻ അനുവദിക്കുവാൻ പാടില്ലാത്തതുമാണ്. എന്നാൽ മേൽ നിയമത്തിലെ വ്യവസ്ഥകൾ പാലിക്കുന്നതിൽ വാടകക്കാർ ഒന്നടങ്കം വീഴ്ച വരുത്തിയിട്ടുണ്ട്. ഇതിൽ ചിലർ മുറികൾ തറ നിരപ്പിൽ നിന്നും കുഴിച്ച് നിലവിലെ മുറി രണ്ടു തട്ടായി മാറ്റിയിട്ടും ഉപയോഗിക്കുന്നുണ്ട്. ചെരുപ്പ് കമ്പനികളിൽ നിന്നും വരുന്ന വെയ്സ്റ്റുകൾ വൃത്തിഹീനമായിട്ടാണ് കോമ്പൌണ്ടിൽ സൂക്ഷിച്ചിരിക്കുന്നത്. മേൽ വിവരിച്ച വിശദാംശങ്ങൾ പരിശോധിച്ച് ആവശ്യമായ നിയമനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-6 2016 -17 വർഷത്തിൽ ഫറോക്ക് മുനിസിപ്പാലിറ്റിയിൽ നിന്നും നല്കിയ താഴെപ്പറയുന്ന കെട്ടിട നിർമ്മാണ അനുമതിയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

| | |
|---|---|
| കെട്ടിടത്തിന്റെ പെർമിറ്റ് നമ്പർ | എ4 – ബി.എ (39540) / 2016 തിയ്യതി 02.11.16 |
| അപേക്ഷ നമ്പർ | എ4 / 9501 / 2016 തിയ്യതി 2.11.2016 |
| അപേക്ഷകന്റെ പേര് | നാരാഞ്ചിറക്കൽ അബ്ദുൾ ഗഫൂർ മുതൽപേർ , 5/763, |

| | |
|---|---|
| | ഫറോക്ക് കോളേജ് പി.ഒ |
| പ്ലോട്ട് സ്ഥിതി ചെയ്യുന്നത് | വാർഡ് നമ്പർ 5 , സർവ്വേ നമ്പർ 155/1, 155/3 |
| പ്ലോട്ട് വിസ്തീർണം | 13.35 ആർസ് |
| പ്രവൃത്തിയുടെ പേര് | Alteration |
| കെട്ടിടത്തിന്റെ തരം | റെസിഡൻഷ്യൽ , 234 എം2 |
| പെർമിറ്റ് ഒപ്പിട്ടത് | അസിസ്റ്റന്റ് എഞ്ചിനീയർ , ഫറോക്ക് മുനിസിപ്പാലിറ്റി |

26.07.2016 ലെ സ്ഥല പരിശോധനയിൽ പെർമിറ്റ് നല്കിയതിൽ നിന്നും വിഭിന്നമായി New Construction ഗണത്തിൽ പെടുന്ന പ്രവൃത്തിയാണ് പ്ലോട്ടിൽ നടക്കുന്നതെന്ന് A.E റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മാത്രവുമല്ല പ്ലോട്ടിൽ നിന്നും പുഴയിലേക്കുള്ള ദൂരം 1.5 മീറ്റർ , 3.5 മീറ്റർ , 3.4 മീറ്റർ എന്നിങ്ങനെയാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ഇത്തരം കെട്ടിട നിർമ്മാണങ്ങൾക്ക് 2011 ലെ CRZ നിയമങ്ങൾ ബാധകമാണ്. നിയമപ്രകാരം CZMA ക്ലിയറൻസ് ലഭിക്കാതെ ഇവിടെ കെട്ടിട നിർമ്മാണം നടത്തുവാൻ പാടുള്ളതല്ല. Alteration മാത്രമാണ് എന്ന തെറ്റായ വിവരം നല്കിയാണ് ഇവിടെ പുതിയ കെട്ടിട നിർമ്മാണം നടത്തിയിട്ടുള്ളത്. ഇത്തരം കേസുകളിൽ 1999 ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ , ചട്ടം 16 പ്രകാരമുള്ള നടപടി മുനിസിപ്പൽ അധികൃതർക്ക് സ്വീകരിക്കാവുന്നതാണ്. ഇതനുസരിച്ച് നല്കിയ 18.07.2017 തിയ്യതിയിലെ എ4 / 7757 / 17 നമ്പർ നോട്ടീസിന് അപേക്ഷകർ 21.07.2017 ൽ നല്കിയ മറുപടി തൃപ്തികരമല്ലയെന്ന് എഞ്ചിനിയറിങ് വിഭാഗം റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്. എന്നാൽ പിന്നീട് നടപടികളൊന്നും സ്വീകരിച്ചതായി കാണുന്നില്ല. അപാകത വിശദീകരിക്കേണ്ടതാണ്.

## 2-7 ബസ് സ്റ്റാൻഡ് ഫീസ് പിരിവ് - അപാകതകൾ

2016 – 17 വർഷത്തെ ഫറോക്ക് മുനിസിപ്പാലിറ്റിയിലെ ബസ് സ്റ്റാൻഡ് ഫീസ് പിരിവ് പരിശോധിച്ചു. ഫറോക്ക് മുനിസിപ്പാലിറ്റിക്ക് കീഴിലുള്ള ബസ് സ്റ്റാൻഡിൽ നിന്നും ഫീസ് പിരിക്കുന്നതിനുള്ള കുത്തകാവകാശം 2016 -17 വർഷത്തിൽ ലേലം ചെയ്ത് നല്കിയിട്ടില്ല.

500 രൂപ ദിവസവേതനത്തിൽ ഒരാളെ നിയമിച്ചാണ് ഫീസ് പിരിക്കുന്നത്. ഫീസ് പിരിവിൽ കണ്ടെത്തിയ അപാകതകൾ താഴെപ്പറയുന്നു.

1. 2016 – 17 വർഷത്തെ വാർഷിക കണക്കുകൾ പ്രകാരം 1000455 രൂപ ബസ് സ്റ്റാൻഡ് ഫീസിനത്തിൽ വരവുണ്ട്. എന്നാൽ ബന്ധപ്പെട്ട കലക്ഷൻ രജിസ്റ്ററിൽ അബ്സ്ട്രാക്റ്റ് എഴുതി സൂക്ഷിച്ചിട്ടില്ല.

2. പ്രതിദിന മൊത്തം കലക്ഷൻ തുക തൊട്ടടുത്ത ദിവസം മുനിസിപ്പൽ ഓഫീസിൽ അടക്കുന്നുണ്ട്. എന്നാൽ ചില ദിവസങ്ങളിലെ കലക്ഷൻ ഇപ്രകാരം മുനിസിപ്പൽ ഓഫീസിൽ അടവാക്കിയ രശീത് നമ്പർ ബന്ധപ്പെട്ട കലക്ഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ഇക്കാരണത്താൽ തുകകൾ യഥാസമയം മുനിസിപ്പൽ ഓഫീസിൽ അടച്ചിട്ടുണ്ടോ എന്നത് വ്യക്തമല്ല. ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | തിയ്യതി | മാന്വൽ രശീത് നമ്പറുകൾ | മൊത്തം കലക്ഷൻ തുക (രൂ) |
|---|---|---|---|
| 1. | 10.06.2016 | 9852 – 9924<br>11517- 11607 | 2551 |

| | | | |
|---|---|---|---|
| 2. | 12.06.2016 | 9997 – 10070<br>11701 – 11777 | 2342 |
| 3. | 07.10.2016 | 18550 – 18625<br>22068 – 22162 | 2660 |
| 4. | 10.10.2016 | 18775 – 18847<br>22332 - 22417 | 2471 |

ഇത് കൂടാതെ 30.11.2016 – 29.12.2016 , 01.01.2017 – 30.03.2017 കാലയളവിലേയും പ്രതിദിന മൊത്തം കലക്ഷൻ തുകകൾ മുനിസിപ്പൽ ഫണ്ടിൽ അടച്ച രശീത് നമ്പറുകൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

3. 09.09.2016 മുതൽ 16.09.2016 വരെയുള്ള കാലയളവിലെ കലക്ഷൻ,ഓണവും അനുബന്ധ അവധികളും കാരണം പിരിവുകാരൻ സ്വന്തം കൈയ്യിൽ സൂക്ഷിച്ച ശേഷം 11620107106 രശീത് പ്രകാരം 17.09.2016 മാത്രമാണ് മുനിസിപ്പാലിറ്റിയിൽ അടച്ചത്. (18718 രൂ)

4. താഴെപ്പറയുന്ന മാന്വൽ രശീതുകളുടെ കാര്യത്തിൽ തുകകൾ മുനിസിപ്പൽ ഫണ്ടിൽ വരവ് വെച്ചിട്ടുണ്ടോ എന്നത് വ്യക്തമല്ല.

| ക്രമ നമ്പർ | രശീത് നമ്പർ / തിയ്യതി | തുക (രൂ) |
|---|---|---|
| 1. | 31/3029 തിയ്യതി 19.9.2016 | 4984 |
| 2. | 64 / 6319 തിയ്യതി 01.12.2016 | 2642 |
| 3. | 64 / 6375 തിയ്യതി 02.12.2016 | 2659 |
| 4. | 65 / 6431 തിയ്യതി 03.01.2017 | 7339 |

മുനിസിപ്പൽ കൗൺസിലിന്റെ 08.01.2016 ലെ 16(1) ാം നമ്പർ തീരുമാനപ്രകാരം വലിയ ബസിന് 16 രൂ, മിനി ബസിന് 15 രൂ, ബസ് സ്റ്റാൻഡ് ഫീസ് നിശ്ചയിച്ചിട്ടുണ്ട്. 16(3) തീരുമാന പ്രകാരം ബസ് സ്റ്റാൻഡ് ഫീസ് കുടിശ്ശിക വരുത്തിയവരിൽ നിന്നും 10 ഗഡുക്കളായി ഈടാക്കുവാനും പിഴപ്പലിശ ഒഴിവാക്കി കൊടുക്കുവാനും തീരുമാനിച്ചിട്ടുണ്ട്. കുടിശ്ശിക 1 ലക്ഷം രൂപയായി നിജപ്പെടുത്തിയിട്ടുമുണ്ട്. ബസ് സ്റ്റാൻഡ് ഫീസ് കുടിശ്ശികയുമായി ബന്ധപ്പെട്ട് ബഹു.കേരള ഹൈക്കോടതിയിൽ ഫറോക്ക് ഏരിയ ബസ് ഓപ്പറേറ്റേഴ്സ് അസോസിയേഷൻ ഫയൽ ചെയ്ത WP(C)10433/14 നമ്പർ കേസ് 16(4)ാം തീരുമാന പ്രകാരം , സംയുക്ത അപേക്ഷ നല്കി പിൻവലിക്കുവാൻ നിശ്ചയിച്ചിട്ടുണ്ട്. ഇതേത്തുടർന്ന് ഈ വിവരങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് 21.01.2016 ലെ എ1 – 13888 /2015 നമ്പർ ഉത്തരവ് മുനിസിപ്പൽ സെക്രട്ടറി പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ മേൽ വ്യവസ്ഥകൾ ഉൾപ്പെടുത്തിക്കൊണ്ട് 29.01.2016 ലെ 42 / 2015 -16 നമ്പർ എഗ്രിമെന്റ് മുനിസിപ്പൽ സെക്രട്ടറിയും ബസ് ഓപ്പറേറ്റേഴ്സ് അസോസിയേഷനും തമ്മിൽ ചമച്ചിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെപ്പറയുന്നു.

കുടിശ്ശിക തുക 1 ലക്ഷം രൂപയായി നിജപ്പെടുത്തുന്നതിന് മുൻപ് എത്രയായിരുന്നു എന്നത് ഫയലിൽ വ്യക്തമല്ല. മാത്രമല്ല 1 ലക്ഷം രൂപ എഗ്രിമെന്റ് പ്രകാരം അടച്ച് തീർത്തിട്ടുണ്ടോ എന്നതും വ്യക്തമല്ല.

1998 ലെ കേരള മുനിസിപ്പാലിറ്റി (പാട്ടക്കാർക്കും ലൈസൻസിക്കും കരാറുകാർക്കും കിസ്ത് ഇളവ് അനുവദിക്കൽ ) ചട്ടങ്ങൾ , ചട്ടം 2(iii) പ്രകാരം കിസ്ത് എന്നത് നിർവ്വചിച്ചിട്ടുണ്ട്. ചട്ടം 4 പ്രകാരമുള്ള കാരണങ്ങളാൽ മാത്രമേ കിസ്ത് ഇളവ് നല്കുവാൻ പാടുള്ളൂ. കൂടാതെ 10000 രൂപയിൽ കൂടുതൽ കിസ്ത് ഇളവ്

അനുവദിക്കുന്നതിന് സർക്കാരിന്റെ അനുമതി ആവശ്യമാണ്. 1999 ലെ കേരള മുനിസിപ്പാലിറ്റി (വസൂലാക്കാൻ സാധിക്കാത്ത തുകകൾ എഴുതിത്തള്ളൽ )ചട്ടങ്ങൾ , ചട്ടം 3 പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ച മാത്രമേ തുകകൾ എഴുതിത്തള്ളുവാൻ പാടുള്ളൂ. ചട്ടം 3(5) പ്രകാരം മുനിസിപ്പൽ കൗൺസിലിന് 2000 രൂ വരെ മാത്രമേ എഴുതിത്തള്ളുവാൻ അധികാരമുള്ളൂ. ഇതിൽ കൂടുതലുള്ള തുക എഴുതിത്തള്ളുന്നതിന് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടേയും സർക്കാരിന്റേയും അംഗീകാരം ആവശ്യമാണ്.

1ലക്ഷം രൂപയായി നിജപ്പെടുത്തുന്നതിന് മുൻപ് കുടിശ്ശിക എത്രയായിരുന്നു എന്നും മേൽ പരാമർശിച്ച ചട്ടങ്ങൾ പാലിച്ചിട്ടുണ്ടോ എന്നതും വിശദീകരിക്കേണ്ടതാണ്. 1 ലക്ഷം രൂപ അടച്ചതിന്റെ വിശദാംശങ്ങളും ലഭ്യമാക്കേണ്ടതാണ്.

## 2-8 രശീതി പുസ്തകങ്ങളുടെ പരിശോധനയിൽ കണ്ട അപാകതകൾ

രശീതി പുസ്തകങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ, നികുതി പിരിച്ചെടുത്ത രശീതിപുസ്തകങ്ങൾ എന്നിവ പരിശോധിച്ചതിൽ കണ്ട അപാകതകൾ താഴെപ്പറയുന്നു.

1. സ്റ്റോക്ക് രജിസ്റ്റർ

1. രശീതിപുസ്തകങ്ങൾ സ്റ്റോക്കിലെടുക്കുമ്പോൾ, മുൻബാക്കി, പുതിയ സ്റ്റോക്ക്, വിതരണം ചെയ്തവയുടെ എണ്ണം എന്നിങ്ങനെയുള്ള വിവരങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ എഴുതുന്നില്ല.

2. രശീതി ബുക്കുകൾ കൈപ്പറ്റുന്ന ജീവനക്കാരൻ ഒപ്പ് വെയ്ക്കുന്നില്ല.

2. നികുതി പിരിവ്

1. ഓരോ രശീതി പുസ്തകത്തിലെയും രശീതികളുടെ എണ്ണം സംബന്ധിച്ച സാക്ഷ്യപ്പെടുത്തലുകൾ ഇല്ല.
2. രശീതി പുസ്തകത്തിൽ ഓഫീസ് സീൽ പതിക്കുന്നില്ല. ഉദാ:ന്ന 62,63,47,35,65,72,69,68 നമ്പർ രശീതി പുസ്തകങ്ങൾ.
3. ഓരോ ദിവസത്തെയും പിരിവിന് ശേഷം രശീതി പുസ്തകങ്ങൾ മേലുദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തുന്നില്ല.
4. രശീതികൾ റദ്ദാക്കുമ്പോൾ, കാരണം എഴുതി സാക്ഷ്യപ്പെടുത്തേണ്ടതാണ്. എന്നാൽ രശീതികൾ റദ്ദാക്കുകയോ മേലുദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തുകയോ ചെയ്യുന്നില്ല.
5. 68-ാം നമ്പർ രശീതി പുസ്തകത്തിൽ 6720 മുതൽ 6792 വരെ തിയ്യതി വെയ്ക്കാതെയാണ് രശീതി നൽകിയിരിക്കുന്നത്.
6. 47 നമ്പർ രശീതി പുസ്തകത്തിൽ 4614 നമ്പർ രശീതിയിൽ മൊത്തം തുക തിരുത്തി ശരിയാക്കി എഴുതിയിരിക്കുന്നു. (ഡബിൾ സൈഡ് കാർബൺ പേപ്പർ ഉപയോഗിച്ച് രശീതികൾ എഴുതേണ്ടതാണ്. ) തിരുത്തലുകൾ ആവശ്യമായി വരുന്ന അവസരങ്ങളിൽ കക്ഷികൾക്ക് / ജമക്കാരന് നൽകുന്ന രശീതിയിലും ഒറിജിനൽ രശീതിയിലും ഡബിൾ സൈഡ് കാർബൺ പേപ്പർ ഉപയോഗിച്ച് ഒരേ സമയം തിരുത്തലുകൾ വരുത്തേണ്ടതും ആയത് സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

3. സാംഖ്യ രശീതി

സാംഖ്യ രശീതി പ്രിന്റ് ചെയ്യുന്നതിനുള്ള സ്റ്റേഷനറിയുടെ സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിച്ചിട്ടില്ല. സ്റ്റേഷനറിയുടെ മുന്നിരിപ്പ്, പുതിയതായി സ്റ്റോക്കിലെടുത്ത സ്റ്റേഷനറിയുടെ എണ്ണം, ഉപയോഗിച്ചത് സംബന്ധിച്ച വിശദാംശങ്ങൾ, ക്യാൻസൽ ചെയ്ത രശീതികളുടെ എണ്ണം, നീക്കിയിരിപ്പ് എന്നിവ കൃത്യമായി സ്റ്റോക്ക് രജിസ്റ്ററിൽ എഴുതേണ്ടതും സ്റ്റേഷനറിയുടെ നീക്കിയിരിപ്പുമായി പൊരുത്തപ്പെടുത്തേണ്ടതുമാണ്.

സാംഖ്യയിൽ നിന്നും ലഭിയ്ക്കുന്ന കാൻസൽഡ് റസീറ്റ്സ് റിപ്പോർട്ടിൽ ക്യാൻസൽ ചെയ്ത രശീതികളായി കാണിക്കുന്നത് പ്രിന്റ് ചെയ്തവയും പ്രിന്റ് വരാത്തവയും ചേർത്താണ്. ആയതിനാൽ ക്യാൻസലാക്കിയ സ്റ്റേഷനറികളുടെ എണ്ണം അറിയാൻ നിവ്വാഹമില്ല. അതുകൊണ്ട് ഓരോ ദിവസവും അനുവദിക്കുന്ന സ്റ്റേഷനറികളുടെയും ക്യാൻസൽ ചെയ്യുന്ന അല്ലെങ്കിൽ ഉപയോഗശൂന്യമാകുന്ന സ്റ്റേഷനറികളുടെ എണ്ണവും വേർതിരിച്ചെഴുതി സാംഖ്യ സ്റ്റേഷനറിയുടെ സ്റ്റോക്ക് രജിസ്റ്റർ കാലികമാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതും മേൽപ്പറഞ്ഞ അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതുമാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ലൈസൻസില്ലാത്ത വ്യക്തിയ്ക്ക് വാഹനം ഓടിയ്ക്കാൻ അനുമതി നൽകി. വാഹനം അപകടത്തിൽപ്പെട്ടു.

2016ലെ നിയമസഭാ തെരഞ്ഞെടുപ്പ് ജോലികൾക്ക് ഫറോക്ക് നഗരസഭയുടെ കെ.എൽ. 11 ബിബി.1113 രജിസ്ട്രേഷൻ നമ്പറിലുള്ള മഹീന്ദ്ര എം.യു.വി. വാഹനം ബഹു. കോഴിക്കോട് ജില്ലാ കലക്ടറുടെ മുമ്പാകെ 19.03.2016 ന് 11 മണിയ്ക്ക് ലോഗ് ബുക്ക് സഹിതം ഹാജരാക്കുന്നതിനുള്ള 18.03.2016 ലെ ഇ-1/1818/16 നമ്പർ ഉത്തരവ് ലഭിച്ചിട്ടും, 2000 ലെ കേരള മുനിസിപ്പൽ ( മോട്ടോർ വാഹനങ്ങളുടെ ഉപയോഗവും പരിപാലനവും) ചട്ടങ്ങൾ 3(1) പ്രകാരം കസ്റ്റോഡിയനായ സെക്രട്ടറി വാഹനം ഹാജരാക്കാത്തതിനാൽ, ബഹു. ജില്ലാ കലക്ടർ 22.03.2016 ലെ ഇ1/1818/16 നമ്പർ ഉത്തരവ് പ്രകാരം വാഹനം ലോഗ് ബുക്ക് സഹിതം കസ്റ്റഡിയിലെടുത്ത്, കലക്ടേറ്റ് വെഹിക്കിൾ സെൽ ഓഫീസർ മുമ്പാകെ ഹാജരാക്കുന്നതിന് ഫറോക്ക് പോലീസ് സബ് ഇൻസ്‌പെക്ടർക്ക് നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ വാഹനം കസ്റ്റഡിയിലെടുക്കുകയും, തുടർന്ന് സബ് കലക്ടർ രണ്ടു ദിവസത്തേയ്ക്ക് വാഹനം സെക്രട്ടറിയുടെ കസ്റ്റഡിയിൽ വിട്ടു നൽകുകയും (Log Book Page No.4) 25.03.2016 ന് തിരികെ ഹാജരാക്കുന്നതിന് രേഖാമൂലം ഉത്തരവ് നൽകുകയും ചെയ്തു. എന്നാൽ നിർദ്ദേശാനുസരണം വാഹനം ഹാജരാക്കാത്തതിനാൽ 26.03.2016 ന് കാലത്ത് 10 മണിയ്ക്ക് ഹാജരാക്കുന്നതിന് ബഹു. കലക്ടർ വീണ്ടും നിർദ്ദേശം നൽകി. എന്നാൽ ഇതിനകം വാഹനം 24.03.2016 ന് അപകടത്തിൽപ്പെട്ടതായി സെക്രട്ടറിയുടെ 02.04.2016 ലെ ബി3/4855/16 നമ്പർ കത്തിൽ വ്യക്തമാകുന്നു. ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ താഴെ കൊടുത്ത അപാകതകൾ കാണുന്നു.

1. വാഹനത്തിന്റെ ഡ്രൈവറുടെ മേൽവിലാസം, ലൈസൻസ് എന്നിവ സംബന്ധിച്ച വിവരങ്ങൾ, നിയമന ഉത്തരവിന്റെ പകർപ്പ് എന്നിവ ഹാജരാക്കുന്നതിന് ബഹു. കോഴിക്കോട് ജില്ലാ കലക്ടറുടെ 28.03.2016 ലെ കത്തിനുള്ള സെക്രട്ടറിയുടെ മറുപടിയിൽ ഡ്രൈവിംഗ് ലൈസൻസ് സംബന്ധിച്ച വിവരങ്ങൾ നൽകിയിട്ടില്ല. ഇത് ശരിയായ നടപടിയല്ല.

22.03.2016 ലെ എ3/1352/16 നമ്പർ നടപടിക്രമപ്രകാരം ഡ്രൈവറായ ശ്രീ. നവാസ് മണ്ണിൽ( ഹൗസ്) എന്നയാളെ 22.03.2016 ന് ജോലിയിൽ നിന്നു നീക്കം ചെയ്തെങ്കിലും പ്രസ്തുത നടപടിക്രമം

അദ്ദേഹം കൈപ്പറ്റിയില്ല. രേഖാമൂലം ജോലിയിൽ നിന്ന് നീക്കം ചെയ്ത ഈ ഡ്രൈവർ തന്നെ 24.03.2016ന് വാഹനം ഓടിച്ച് അപകടത്തിൽപ്പെടുത്തുകയും ചെയ്തു.

2. ഫറോക്ക് നഗരസഭാ കൗൺസിലിന്റെ 06.06.2016 ലെ 10-ാം നമ്പർ തീരുമാനപ്രകാരം ( ഫറോക്ക് നഗരസഭയിൽ ദിവസവേതന നിരക്കിൽ ചെയർ പേഴ്സൺ-ന്റെ കാറിന് ഡ്രൈവറെ നിയമിക്കുന്നതിന്, മുമ്പ് പ്രസ്തുത തസ്തികയിലേയ്ക്ക് ലഭിച്ച അപേക്ഷകൾ റദ്ദാക്കി, പുതിയ അപേക്ഷകൾ 13.06.2016 ന് ഉച്ചയ്ക്ക് ഒരു മണി വരെ സ്വീകരിക്കുന്നതിനും ലൈസൻസും ബാഡ്ജും ഉള്ള, ചെയർ പേഴ്സൺ നിർദ്ദേശിക്കുന്ന ആളെ, നിയമിക്കുന്നതിന് തീരുമാനിച്ചു.) നവാസ് എം, മണ്ണിൽ ഹൗസ് എളയടത്ത് താഴം എന്ന വ്യക്തിയെ നിയമിക്കാൻ നടപടി എടുക്കണമെന്ന് ചെയർ പേഴ്സൺ സെക്രട്ടറിയ്ക്ക് കത്ത് നൽകി. ഗുരുതരമായ അച്ചടക്ക ലംഘനത്തിന്റെയും കൃത്യവിലോപത്തിന്റെയും പേരിൽ നീക്കം ചെയ്ത വ്യക്തിയെ വീണ്ടും നിയമിക്കുന്നത് സംബന്ധിച്ച സെക്രട്ടറി 23.06.2016 ന് നഗരകാര്യ ഡയറക്ടർക്ക് അയച്ച സ്പഷ്ടീകരണത്തിന് മറുപടി ലഭിയ്ക്കാൻ കാത്തുനിൽക്കാതെ മേൽപ്പറഞ്ഞ നവാസ്.എം. എന്നയാളെ വീണ്ടും ഡ്രൈവറായി നിയമിച്ചു.

3. വാഹനം ഓടിക്കുന്നതിനുള്ള ലൈസൻസ് പോലുമില്ലാത്ത വ്യക്തിയെ, മുനിസിപ്പൽ ചെയർമാന്റെ ഔദ്യോഗിക വാഹനത്തിന്റെ ഡ്രൈവറായി 23.02.2016 ലെ 1352/16 നമ്പർ ഉത്തരവ് പ്രകാരം നിയമിച്ചു. 21.04.2016 നാണ് ശ്രീ.നവാസ്.എം വാഹനം ( എൽ.എം.വി) ഓടിക്കുന്നതിനുള്ള ലൈസൻസ് ആദ്യമായി നേടുന്നത്.

4. തെരഞ്ഞെടുപ്പ് വരണാധികാരിയും, ജില്ലാ മജിസ്ട്രേറ്റും കൂടിയായ ജില്ലാ കലക്ടറുടെ ഉത്തരവിനെ വകവെയ്ക്കാത്ത, 22.03.2016 ന് നീക്കം ചെയ്തിട്ടും അനധികൃതമായി രണ്ടു ദിവസം വാഹനം ഉപയോഗിച്ച് അപകടത്തിൽപ്പെടുത്തിയ ശ്രീ. നവാസിനെതിരെ നിയമാനുസൃത നടപടികൾ സ്വീകരിക്കുകയോ, വാഹനാപകടം സംബന്ധിച്ച് കോഴിക്കോട് സിറ്റി ട്രാഫിക് പോലീസിൽ പരാതി നൽകുകയോ ചെയ്യാത്തത് ശരിയായ നടപടിയല്ല.

5. യോഗ്യനായ ഉദ്യോഗാർത്ഥിയെ അംഗീകൃത നിയമന വ്യവസ്ഥകൾ പ്രകാരം (യോഗ്യത സംബന്ധിച്ച രേഖകൾ പരിശോധിച്ച്) തെരഞ്ഞെടുക്കുന്നതിന് പകരം ചെയർ പേഴ്സൺ നിർദ്ദേശിക്കുന്ന വ്യക്തിയെ ഡ്രൈവറായി നിയമിക്കണമെന്ന കൗൺസിൽ തീരുമാനം സംബന്ധിച്ച് 1994 ലെ കേരളാ മുനിസിപ്പൽ ആക്ട് 49 ബി പ്രകാരം നടപടി സ്വീകരിച്ചില്ല.

6. 24.03.2016 ന് അപകടത്തിൽപ്പെട്ട വാഹനം റിപ്പയറിംഗ് നടത്തിയത് സംബന്ധിച്ചോ ആയതിന്റെ ചെലവ് സംബന്ധിച്ചോ രേഖകൾ ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല.

7. മേൽ വിലാസം സംബന്ധിച്ച് ഫറോക്ക് പൊലീസ് സ്റ്റേഷനിലെ ക്രൈം നമ്പർ 335/2016 പ്രകാരമുള്ള കേസിൽ ഹാജരായതിൽ ( സി.എം.പി. 2515/2016) അഡ്വ. മുഹമ്മദ് ഹനീഫയ്ക്ക് 04.11.2016 ലെ 21600805 നമ്പർ വൗച്ചർ പ്രകാരം അനുവദിച്ച 7000/- രൂപ ഉത്തരവാദിയായവരിൽ നിന്ന് ഈടാക്കേണ്ടതാണ്.

മേൽപ്പറഞ്ഞ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതും നഷ്ടം വന്ന തുക ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കി നഗരസഭാ ഫണ്ടിൽ അടച്ച വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## **3-2** <u>പ്രവൃത്തിയുടെ ഫൈനൽബില്ലിൽ നിന്ന് ടാർ ഇനത്തിൽ അധിക തുക ഈടാക്കി തനത് ഫണ്ടിൽ അടക്കുന്നു.</u>

2016-17 വർഷം താഴെ കൊടുത്ത റോഡ് പ്രവൃത്തികളിൽ ഡൽഹി ,ഷെഡ്യൂൾ നിരക്ക് പ്രകാരം തയ്യാറാക്കിയ എസ്റ്റിമേറ്റ് ആണ് അവലംബിച്ചിട്ടുള്ളത്. ഈ പ്രവൃത്തികൾക്ക് എല്ലാം തന്നെ നഗരസഭയാണ് കൺവീനർക്ക് ടാർ വാങ്ങിനൽകിയത്.തുടർന്ന് ഫൈനൽ ബിൽ തയ്യാറാക്കിയപ്പോൾ ടാറിന്റെ ഡൽഹി ഷെഡ്യൂൾ നിരക്ക് ആണ് തിരികെ ഈടാക്കിയത്. ഈ നിരക്കിനേക്കാൾ വളരെ കുറവാണ് ടാറിന്റെ മാർക്കറ്റ് റേറ്റ്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമനം | ഇൻവോയ്സ് നമ്പർ | വാങ്ങിയ ടാർ | തുക |
|---|---|---|---|
| 1 | ഡി.പി 1/0000000634/<br>സി.എസ്/പി.ഒ/2015/4-2-2016<br>മാംഗ്ളൂർ റിഫൈനറി & പെട്രോകെമിക്കൽ ലിമിറ്റഡ്. | 60 ബാരൽ | 297979 |
| 2 | ,, 635/4-2-2016 | 60 ബാരൽ | 297979 |
| 3 | ,, 659/6-2-2016 | 60 ബാരൽ | 297979 |
| 4 | ,, 663/6-2-2016 | 60 ബാരൽ | 297979 |
| | | 240 ബാരൽ | 1191916രൂപ |

മേൽ തുക തനത്ഫണ്ടിൽ നിന്നാണ് ചെലവഴിച്ചത്. അതായത് ഒരുബാരലിന് (156 കി.ഗ്രാമിന്) 4966.32 രൂപയാണ് പദ്ധതിയ്ക്ക് വേണ്ടി തനത് ഫണ്ടിൽ നിന്ന് ചെലവളിച്ചത്. ഈ റോഡ് പ്രവൃത്തികൾ പൂർത്തിയാക്കുന്നമുറക്ക് തയ്യാറാക്കിയ ബില്ലിൽ നിന്നും ടാറിന്റെ ഡൽഹി,ഷെഡ്യൂൾ പ്രകാരമുള്ള വർദ്ധിച്ച നിരക്കാണ് തിരികെ ഈടാക്കി തനത്ഫണ്ടിൽ അടവാക്കുന്നത്. വിശദാംശം താഴെ ചേർക്കുന്നു.

| പ്രവൃത്തിയുടെ പേര്/ കൺവീനർ/ കരാറുകാരന്റെ പേര്/ എം ബുക്ക് നം/ തുക | കരാറുകാരൻ കൺവീനർക്ക് അനുവദിച്ച ടാർ | ഈടാക്കേണ്ട തുക | ഡൽഹി ഷെഡ്യൂൾ പ്രകാരം ബില്ലിൽ നിന്ന് ഈടാക്കേണ്ടതുക | അധികം പിൻ വലിച്ച പ്ളാൻഫണ്ട്. |
|---|---|---|---|---|
| കുറ്റിയിൽതാഴത്ത് പാടം റോഡ്.<br>ടി.പി.ഷുഹൈബ്.<br>എംബുക്ക്-100/2015-16<br>ബിൽ-2/30-8-16<br>തുക-100000<br>1508691/30-3-16<br>തുക-89305/- | 7 ബാരൽ<br>=7x156<br>=1092<br>കി.ഗ്രാം | 7x4966x32<br>=34764 | 73151 | 38387 |
| മനയിൽ പള്ളിചാലി റോഡ്.<br>കൺവീനർ -ടി.ചന്ദ്രൻ<br>എംബുക്ക്-53/2015-16<br>ബിൽ -10/30-8-16<br>തുക-250000/- | 12 ബരൽ | 12x4966.32<br>=59596 | 122274 | 62678 |
| പൂന്തോളം-പാണ്ടിപ്പാടം റോഡ് | 4 ബാരൽ | 4x4966.32<br>=19865 | 32167 | 12302 |

| | | | | |
|---|---|---|---|---|
| അറ്റകുറ്റപണി.<br>കൺവീനർ-സുധീർ.പി<br>എംബുക്ക്-44/2015-16<br>ബിൽ-16/30-8-16<br>300000/-<br>ബിൽ:1508664/28-3-16<br>തുക-46341/- | | | | |
| കല്ലംമ്പാറ തണ്ണിച്ചാൽ റോഡ്.<br>കൺവീനർ-<br>പി.കെ .വീരാൻകുട്ടി<br>എംബുക്ക്-23/2015-16<br>ബിൽ നം-8/30-8-16<br>തുക-350000/- | 15 | 15x4966.32<br>=74494.8 | 155412 | 80917 |
| കല്ലംമ്പാറ-പുല്ലിക്കടവ് റോഡ്<br>പി.മുഹമ്മദ് ഷാഫി.<br>എംബുക്ക്-22/2015-16<br>ബിൽ നം-7/30-8-16<br>തുക-400000/- | 19 | 19x4966.32<br>=94360 | 170786 | 76426 |

ഇത്തരത്തിൽ മേൽകാണിച്ച 5 ബില്ലുകളിൽ നിന്നും ആകെ 270750/-രൂപ ഫണ്ടിൽ നിന്നും അധികം പിൻവലിച്ച് തനത് ഫണ്ടിലേക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തിട്ടുണ്ട്. തുക തനത് ഫണ്ടിൽ നിന്ന് പിൻവലിച്ച് പ്ലാൻ ഫണ്ടിലേക്ക് ആർ.ഒ.പി യായി അടവാക്കേണ്ടതാണ്.

## 3-3 <u>നല്ലൂർ സ്റ്റേഡിയം അറ്റകുറ്റപ്പണി.ടെൻണ്ടർ കുറവ് -ഫൈനൽ ബില്ലിൽ കുറവ് ചെയ്തില്ല.</u>

നിർവ്വഹണ ഉദ്യോഗസ്ഥൻ – അസിസ്റ്റന്റ് എഞ്ചിനീയർ

ബിൽ നമ്പർ – 77/13-3-17 തുക -62715/-

ചെക്ക് നമ്പർ – 1508393/21-3-16 തുക -<u>130116</u>
192831

എം-ബുക്ക് – 133/2015-16.

സാങ്കേതിക അനുമതി – 200000/-

ഈ പ്രവൃത്തിക്ക് 27-12-2016 ന് നടന്ന ടെൻണ്ടറിൽ 3 കരാറുകാർ പങ്കെടുക്കുകയും, എസ്റ്റിമേറ്റ് നിരക്കിനേക്കാൾ 6.8% കുറവ് ക്വാട്ട് ചെയ്ത കെ.മുഹമ്മദ് കുട്ടിക്ക് 27-1-2017 ന് ചേർന്ന സാധാരണയോഗത്തിന്റെ 4(7) നമ്പർ തീരുമാനപ്രകാരം ടെൻണ്ടർ അംഗീകരിച്ചു. എന്നാൽ പ്രവൃത്തിയുടെ ഫൈനൽ ബില്ലിൽ നിന്ന് ടെൻണ്ടർ കുറവ് കുറച്ചതായി കാണുന്നില്ല. മൊത്തം പ്രവൃത്തിമൂല്യമായ 192831 രൂപ മേൽ ബിൽ/ചെക്ക് പ്രകാരം കരാറുകാരന് അനുവദിക്കുകയുണ്ടായി. അതിനാൽ ഈ ബില്ലിൽ

192831x6.8/100=13112.50/-രൂപ കരാറുകാരന് അധികം നൽകിയിട്ടുണ്ട്. അധികം നൽകിയ തുക ഉത്തരവാദിയായവരിൽ നിന്ന് തിരികെ ഈടാക്കി പ്ലാൻ ഫണ്ടിൽ തിരിച്ചടക്കേണ്ടതാണ്.

## 3-4 മണ്ണ് ഫില്ലിംഗ് പ്രവൃത്തി- അധിക നിരക്ക് നൽകി

2016-17 വർഷം പൂർത്തിയാക്കിയ താഴെ കൊടുത്ത മരാമത്ത് പ്രവൃത്തിയുടെ ഒരിനം മണ്ണ് ഫില്ലിംഗ് എന്നതാണ് . ഗുണഭോക്തൃ കമ്മിറ്റി ഏറ്റെടുത്ത് നടത്തിയ് ഈ പ്രവൃത്തിക്ക് ,മണ്ണ് ഫില്ലിംഗിന് ഒരു ഘനമീറ്ററിന് 380.56(കോസ്റ്റ് ഇൻഡക്സ് 1.381) 360.16 (കോസ്റ്റ് ഇൻഡക്സ് 1.3143) എന്നിങ്ങനെയാണ് നിരക്ക് അനുവദിച്ചത്.2014 ലെ ഡൽഹി , ഷെഡ്യൂൾ നിരക്ക് പ്രകാരമാണ് മേൽ എസ്റ്റിമേറ്റ് തയ്യാറാക്കിയത്. സി.ഇ/ബിൽ/ജി.എൽ/2014 നമ്പറിലുള്ള ഒബ്സർവ്ഡ് ഡാറ്റയിലെ മണ്ണ് ഫില്ലിംഗിനുള്ള നിരക്ക് താഴെ കൊടുത്തപ്രകാരമാണ്.

| ഇനം | ഐറ്റം | ആകെ |
|---|---|---|
| 50.2.25.1<br>പകരം<br>50.2.26.1 | കരാറുകാരന്റെ സ്വന്തം മണ്ണ് ഉപയോഗിച്ച് ഫില്ലിംഗ്.<br>0979 മണ്ണിന്റെ വില<br>2241 കടത്ത് കൂലി<br>0128 മേറ്റ്<br>0115 കൂലി<br>0101 ബിഷ്ടി<br>1% വാട്ടർചാർജ്ജ്<br>കോസ്റ്റ് ഇൻഡക്സ് 1.3143<br>" 1.381 | 1ഘനമീറ്ററിന് 30.00<br>" 133.11<br>0.01x363 3.63<br>0.01x329 3.29<br>0.01x363 3.63<br>-----------------<br>173.66<br>1.74<br>------------------<br>175.40<br>230.53<br>242.23 |

താഴെ കൊടുത്ത മരാമത്ത് പ്രവൃത്തികളിൽ വ്യത്യസ്ത നിരക്കാണ് അനുവദിച്ചത്

| പ്രവൃത്തിയുടെ പേര് / കൺവീനർ<br>ബിൽ നമ്പർ/തുക | മണ്ണ് ഫിൽ ചെയ്ത പ്രവൃത്തി | അനുവദിച്ച തുക | അനുവദിക്കേണ്ട തുക | അധികം |
|---|---|---|---|---|
| വൈലാട്ട് താഴം-അഞ്ചുകണ്ടം റോഡ്(65/017)<br>വട്ടക്കോളി ഫൈസൽ<br>പ്രവൃത്തി മൂല്യം-291465<br>ബിൽ 4/30.8.16-100000<br>ബിൽ നം-92/31.3.16-150000<br>ചെക്ക് നം-1508668/ | എം.ബുക്ക്:25/2015-16<br>ഇനം-1<br>138.19 ഘനമി | 138.19x380.56<br>=52589.58 | 138.19x242.23<br>=33473.76 | 19116 |

| | | | | |
|---|---|---|---|---|
| 28-3-16-തുക 41465<br>കോസ്റ്റ് ഇൻഡക്സ്:1.381 | | | | |
| പറമ്പത്ത്കാവ് പാത്ത് വേ(62/17) ഷാജി പനങ്ങാട്ട്.<br>പ്രവർത്തി മൂല്യം:1.5 ലക്ഷം<br>ബിൽ-11/30-8-16<br>തുക 100000<br>ചെക്ക്-1508313/27-8-16 -50000/-<br>കോസ്റ്റ് ഇൻഡക്സ് 1.3143 | എം.ബുക്ക്-77/2015-16<br>ഇനം-1<br>37.58 ഘനമീ | 37.58x360.16 =13534.81 | 37.58x230.53 =8663.32 | 4871 |
| | | | ആകെ | 23987 |

ഇവിടെ എടുക്കേണ്ട ഇനം 50.2.26.1 ആയിരുന്നു, അവിടെ തുറസ്സായ റോഡിൽ മണ്ണ് ഫില്ലിംഗ് ആണ്. വളരെ ചെറിയ ട്രെഞ്ച്, ഫൗണ്ടേഷൻ ഫില്ലിംഗ് എന്നിവയ്ക്കാണ് 50.2.25.1 അവലംബിക്കേണ്ടത്. മുകളിൽ 50.2.26.1 ആണ് നിരക്ക് കാണാൻ പരിഗണിച്ചത്. മേൽ തുക ഉത്തരവാദിയായവരിൽ നിന്ന് തിരികെ ഈടാക്കി പ്ലാൻ ഫണ്ടിൽ തിരിച്ചടവാക്കേണ്ടതാണ്.

## 3-5 ടാറിംഗ് പ്രവൃത്തി -കരാറുകാർക്ക് ഡി.എസ്.ആർ പ്രകാരമുള്ള നിരക്കും അതിന്റെ കോസ്റ്റ് ഇൻഡക്സും ഉൾപ്പെടെ നിരക്ക് നൽകി.

2016-17 ൽ താഴെ കൊടുത്ത മരാമത്ത് പ്രവർത്തിക്ക് ടാറിംഗ് ഉൾപ്പെടെയുള്ളവയാണ്. ടാറിങ്ങ് പ്രവൃത്തിക്ക് വിജി-30 ആണ് ഉപയോഗിച്ചിട്ടുള്ളത് . വി.ജി-30 ബിറ്റുമിന് ഡി.എസ്.ആർ 2014 പ്രകാരം 410000 രൂപയാണ് വില. ഇതിന് കോസ്റ്റ് ഇൻഡക്സ് അനുവദിച്ചുകൊണ്ടാണ് എസ്റ്റിമേറ്റിൽ നിരക്ക് കണക്കാക്കിയത്. ടാക്ക് കോട്ട്, ചിപ്പിംഗ് കാർപ്പറ്റ്, സീൽകോട്ട് എന്നീ ഇനങ്ങളാണ് ടാർ പ്രധാനമായും ഉപയോഗിച്ച് ചെയ്യുന്നത്. സ.ഉ (സാ.ധാ)789/2014 ത.സ്വ.ഭ.വ തീ.18-3-2014 പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപ്പാക്കുന്ന റോഡ്പണിക്ക് ടാറിന്റെ വില ഇൻഡ്യൻ ഓയിൽ കോർപ്പറേഷന്റെ ബിൽ നിരക്ക് അനുസരിച്ച് നൽകുന്നതിന് അനുവാദം നൽകിയിട്ടുണ്ട്. പി.ഡബ്ള്യു.ഡി(റോഡ്സ് &ബ്രിഡ്ജസ്) 8-8-2016 ലെ സർക്കുലർ സി.ഇ/ ആ&ബി/ പ്രെസ്/ 6725/2015 നമ്പർ സർക്കുലറിൽ 2016 ജൂലൈ മുതൽ സപ്തംമ്പർ മാസം കാലയളവിലെ വി.ജി-30 ടാറിന്റെ വില വ്യക്തമാക്കിയിട്ടുണ്ട്. ടാറിന്റെ മാർക്കറ്റ് വില,ഡി.എസ്.ആർ റേറ്റിനേക്കാൾ കുറഞ്ഞ കാലയളവായിരുന്ന 2015-16,2016-17വർഷം. മേൽ സർക്കുലറിലെ വില കണക്കാക്കി നിരക്ക് തയ്യാറാക്കിയിരുന്നുവെങ്കിൽ നഗരസഭക്ക് ബിറ്റുമിൻ ഇനത്തിൽ അധിക തുക നൽകുവാൻ സാഹചര്യം ഉണ്ടാകുമായിരുന്നില്ല. വിശദാംശം താഴെ കൊടുക്കുന്നു.

| പ്രവൃത്തിയുടെ പേര്/കരാറുകാരന്റെ പേര് , എം.ബുക്ക്,പ്രവൃത്തിമൂല്യം,ബിൽ/ചെക്ക്.<br>ടെൻഡർ കുറവ് ,കോസ്റ്റ് ഇൻഡക്സ്. | വിനിയോഗിച്ച ടാർ<br>(എം.ബുക്ക് പേജ്) | അനുവദിച്ചതുക | അനുവദിക്കേണ്ട തുക | അധികം |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| ഫറോക്ക്- ഐ.ഒ.സി സൈഡ് റോഡ്<br>98/15-16<br>ബിൽ : 81/28-3-17<br>തുക-186827<br>7.24% കുറവ്<br>C.I-1.3143 | 2069.2 കി.ഗ്രാം<br>(എം.ബുക്ക് പേജ്<br>23) | 2069.2x<br>41000x1.3143<br>1000<br>x 92.76<br>100<br>=103429 | 2069.2x<br>30832.44x<br>1000<br>x 92.76<br>100<br>=59179 | 44250 |
| ചെനപറമ്പ് റോഡ്<br>കരാറുകാരൻ-ടി.പി.റഫീക്ക് റഹ്മാൻ<br>എം.ബുക്ക നം-99/2015-16<br>പ്രവൃത്തിമൂല്യം-456196<br>ബിൽ -108/31-3-2017<br>തുക-58482/-<br>ടെൻഡർ കുറവ്-6.34 %<br>C.I-1.3143 | 3297.56 കി.ഗ്രാം | 3.29756x<br>41000x1.3143x<br>93.66/100<br>=166428 | 3:29756x<br>30832.47x<br>93.66/100<br>=95226 | 71202 |

ഇത് സംബന്ധിച്ച വിവരങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. അതിൻമേൽ ലഭിയ്ക്കുന്ന നിർദ്ദേശങ്ങൾക്കനുസൃതമായി നടപടികൾ സ്വീകരിക്കുന്നതാണ്.

## 3-6 മോർഡ്സ്പെസിഫിക്കേഷൻ -ഓവർ ഹെഡ് ചാർജ്ജും, കരാറുകാരന്റെ ലാഭവും ഉൾപ്പെടെ 20% വർദ്ധനവ് നൽകി.

2016-17 സാമ്പത്തിക വർഷത്തെ പുതിയ മരാമത്ത് പ്രവൃത്തികളിൽ റോഡ് പണി ചെയ്തത് മോർഡ് സ്പെസിഫിക്കേഷൻ അവലംബിച്ചിട്ടാണ്. പ്രസ്തുത സ്പെസിഫിക്കേഷനിൽ പ്രൈസ് സോഫ്റ്റ് വെയർ ഉപയോഗിച്ചാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയത്. ഇക്കാര്യങ്ങൾക്ക് ജി.ഒ(പി) 30/2016 ഫിൻ തീ:29.2.2016ഉത്തരവിൽ വിശദമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.മോർഡ് ഡാറ്റാബുക്ക് ഉപയോഗിച്ച് തയ്യാറാക്കിയ നിരക്കിൽ പ്രൈസ് സോഫ്റ്റ് വെയറിൽ 10% ഓവർഹെഡ് ചാർജ്ജും ,അതിന് മുകളിൽ 10% കരാറുകാരന്റെ ലാഭവും നൽകിയതായി കാണുന്നു. കരാറുകാരന്റെ ലാഭവും ഓവർഹെഡ് ചാർജ്ജും 15 % ത്തിൽ പരിമിതപ്പെടുത്തിയാണ് മോർത്ത് സ്പെസിഫിക്കേഷൻ പ്രകാരം തയ്യാറാക്കിയ എസ്റ്റിമേറ്റിൽ കാണുന്നത്. എന്നാൽ ഇതിനെതിരായി മോർഡിൽ തയ്യാറാക്കിയ പ്രൈസ് സോഫ്റ്റ് വെയർ ഉപയോഗിച്ച് റോഡ് വർക്കിന് തയ്യാറാക്കിയ എസ്റ്റിമേറ്റിൽ 20% അനുവദിച്ചത് ശരിയായ നടപടിയല്ല.ഇത്തരത്തിൽ അനുവദിച്ചതിനാൽ ഈ ഇനത്തിൽ 6% വർദ്ധനവ് ഉണ്ടായിട്ടുണ്ട്.(10% OH ,അതുൾപ്പെടെ 10% CP കണക്കാക്കുമ്പോൾ മൊത്തം 21% യഥാർത്ഥത്തിൽ അനുവദിക്കേണ്ടത് 15% അതായത് 6% അധികം) അതിനാൽ കരാറുകാർക്ക് ചില ഇനത്തിൽ അധികം തുക അനുവദിക്കാനിടയായി. ഒരു പ്രവൃത്തിയുടെ വിശദാംശം താഴെ കൊടുക്കുന്നു.

| പ്രവൃത്തിയുടെ പേര്/കരാറുകാരൻ<br>എം.ബുക്ക്,പ്രവൃത്തിമൂല്യം, | മോർത്ത് പ്രകാരം ചെയ്യുന്ന ഇനങ്ങൾ | അനുവദിച്ച തുക | അനുവദിക്കേണ്ട തുക | അധികം |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| ബിൽ,കോസ്റ്റ് ഇൻഡക്സ്. | | | | |
| വലിയറപ്പടി റോഡ്<br>എം.ബുക്ക്-201/2015-16<br>പ്രവൃത്തി മൂല്യം-455425<br>ബിൽ -99/29-3-17<br>തുക-3.5 ലക്ഷം<br>C.I-1.381 | 1-സബ് ഗ്രേഡ് &<br>എർത്തൺ ഷോൾഡർ കൺസ്ട്രക്ഷൻ | 63.75x444.45<br>=28333.68 | 63.75x418.28=26665.35 | 1668 |
| | 2-ഗ്രാനലാർ സബ് വേസ് | 33.55x1879.65<br>=63062 | 33.55x1808.18=60664 | 2398 |
| | 3-വൈറ്റ് മിക്സ് മെക്കാർഡം | 50.33x3026.47<br>=152071 | 50.33x2912.15<br>=146569 | 5502 |
| | 4-പ്രൈം കോട്ട് | 33.55x38.97<br>=13074.44 | 335.5x37.06<br>=12434 | 640 |
| | 5-ടാക്ക് കോട്ട് | 335.5x1337<br>=4485.64 | 335.5x12.72=4268 | 218 |
| | 6-ചിപ്പിംഗ് കാർപ്പറ്റ് | 812.95x161.79<br>=131527 | 812.95x155.18=126154 | 5373 |
| | 7-സീൽ കോട്ട് | 812.95x61.71<br>=50167 | 812.95x59.12=48062 | 2105 |
| | | | | 17904 |

മേൽ കാണിച്ച രീതിയിൽ 10% ഓവർഹെഡ് ചാർജ്ജ് ഉൽപ്പെടുത്തിയതിനാൽ ഈ ഒരു പ്രവൃത്തിയിൽ മാത്രം 17904/- രൂപ കരാറുകാരന് അധികം നൽകിയിട്ടുണ്ട്. ഇത്തരത്തിൽ മോർഡ് ഡാറ്റയിൽ വന്ന പിശക് തിരുത്തേണ്ടതും,2016-17 വർഷത്തെ സ്പിൽ ഓവർ ആയി വരുന്ന. താഴെ കൊടുത്ത മരാമത്ത് പ്രവൃത്തികളുടെ ഫൈനൽ ബില്ലിൽ നിന്നും എസ്റ്റിമേറ്റിലെ തെറ്റ് തിരുത്തി,ഫൈനൽ ബിൽ അനുവദിക്കേണ്ടതുമാണ്.

| | പ്രവൃത്തിയുടെ പേര് | പ്രോജക്ട് നം | കരാറുകാരന്റെ പേര് |
|---|---|---|---|
| 1 | മുഴുവാട്ടുപാറ-മൂത്തേടത്ത് തണ്ണിച്ചാൽ റോഡ് | 261/17 | പി.അലി |
| 2 | ചോയിതൊടി കോളനി നവീകരണം | 228/17 | ടി.പി.റഫീക്ക്റഹ്മാൻ |
| 3 | ചിന്നക്കുട്ടി റോഡ് | 133/17 | അബ്ദുൾ നസീർ.കെ |
| 4 | ചുങ്കം കള്ളിത്തൊടി റോഡ് | 239/17 | എം.കെ.രാജേഷ് |
| 5 | കല്ലംപാറ പുല്ലികടവ്റോഡ് | 233/17 | കോയമൊയ്തീൻകുട്ടി |
| 6 | പേട്ട പരുത്തിപ്പാററോഡ് | 238/17 | അബ്ദുൾ മൻസൂർ |
| 7 | മുത്തൊടി കരഞ്ഞാത്തിൽറോഡ് | 246/17 | മുഹമ്മദ് അസീം |

ഫൈനൽ ബില്ലിൽ ആവശ്യമായ മാറ്റം വരുത്തി തുക നൽകേണ്ടതാണ്.

## 3-7 ദിവസ വേതനക്കാരുടെ നിയമനം - ചട്ടപ്രകാരമുള്ള നിബന്ധന പാലിച്ചോ എന്നതിൽ അവ്യക്തത

2016 -17 വർഷത്തിൽ ധാരാളം പേർക്ക് ഫറോക്ക് മുനിസിപ്പൽ ഓഫീസിൽ താല്ക്കാലിക ജീവനക്കാരായി

നിയമനം നല്കുകയും തനത്ഫണ്ടിൽ നിന്നു വേതനം നല്കുകയും ചെയ്തിട്ടുണ്ട്. ഒരു മാസത്തെ ഉദാഹരണം മാത്രം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | തനത് ഫണ്ട് വൗച്ചർ നമ്പർ | വൗച്ചർ തുക (രൂ) | താത്ക്കാലിക ജീവനക്കാരന്റെ പേര്/ തസ്തിക | ജോലി ചെയ്ത കാലയളവ് | കൈപ്പറ്റിയ വേതനം (രൂ) |
|---|---|---|---|---|---|
| 1. | 21600672 / 3.10.2016 | 197800 | ജിജിന, ഡാറ്റ എൻട്രി ഓപ്പറേറ്റർ | 01.09.2016 - 30.09.2016 | 14850 |
| 2. | | | അശോകൻ.ഇ, ഡ്രൈവർ | | 16250 |
| 3. | | | മുഹമ്മദ് അബ്ദുൾറഹിമാൻ, ഡ്രൈവർ | | 17550 |
| 4. | | | മുഹമ്മദ് അബ്ദുൾ ജലീൽ, ഡ്രൈവർ | | 11050 |
| 5. | | | ഷംസുദ്ദീൻ,ഡ്രൈവർ | | 16900 |
| 6. | | | കുഞ്ഞിമുഹമ്മദ്,ബസ് സ്റ്റാൻഡ് ഫീസ് പിരിവ് | | 14500 |
| 7. | | | ശരവണൻ, വാച്ച് മാൻ | | 16200 |
| 8. | | | മുഹമ്മദ് അൻവർ സാദിഖ് | | 12600 |
| 9. | | | ശ്രീജിത്ത്, സ്വീപ്പർ | | 15600 |
| 10. | | | പത്മനാഭൻ ,സ്വീപ്പർ | | 15600 |
| 11. | | | മുഹമ്മദ് റിനൂഫ് | | 12600 |
| 12. | | | അലി അക്ബർ | | 12600 |
| 13. | | | റഷീദ, ഇ | | 13500 |
| 14. | | | സുസ്മിത, ഡാറ്റ എൻട്രി ഓപ്പറേറ്റർ | | 8000 |

ഇതിൽ ശ്രീ.മുഹമ്മദ് റിനൂഫ് , അലി അക്ബർ , ശ്രീമതി റഷീദ . ഇ എന്നിവരെ ഏത്

തസ്തികകളിലാണ് താത്ക്കാലികമായി നിയമിച്ചതെന്ന് വ്യക്തമാക്കേണ്ടതാണ്. ബന്ധപ്പെട്ട കൗൺസിൽ തീരുമാനത്തിന്റെ പകർപ്പും പരിശോധനക്കായി ഹാജരാക്കേണ്ടതാണ്. നിലവിൽ ശ്രീ.മുഹമ്മദ് റിനൂഫ് ,കെട്ടിട നിർമ്മാണ പെർമിറ്റ് സെക്ഷൻ ക്ലാർക്കിന്റെ ചുമതലയും , ശ്രീ അലി അക്ബർ , ഫ്രണ്ട് ഓഫീസ് അസിസ്റ്റന്റിന്റെ ചുമതലയും വഹിച്ചു വരുന്നതായാണ് കാണുന്നത്. കൂടാതെ ഓഡിറ്റ് വർഷം മുനിസിപ്പാൽ വാഹനങ്ങൾ ഓടിക്കുന്നതിനായി നിയോഗിച്ചവരുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| വാഹനത്തിന്റെ നമ്പർ | വാഹനം | ഡ്രൈവറുടെ പേര് |
|---|---|---|
| KL 11 T 2438 | ഓഫീസ് ജീപ്പ് | അശോകൻ .ഇ |
| KL 11 B B 1113 | ചെയർപേഴ്സന്റെ കാർ | മുഹമ്മദ് അബ്ദുറഹിമാൻ |
| KL 11 Z 6365 | സ്വീപ്പിങ്ങ് വെഹിക്കിൾ | ഷംസുദ്ദീൻ.കെ.പി |
| KL 11 AF 8414 | ബഡ് സ്കൂൾബസ് | മുഹമ്മദ് അബ്ദുൾ ജലീൽ.എം |
| KL 11 AQ 5213 | പാലിയേറ്റീവ് മാരുതികാർ | നവാസ്.എം |

ഡ്രൈവർമാരടക്കമുള്ളവരുടെ താൽക്കാലിക ഒഴിവുകൾ നികത്തുന്നതിന് എംപ്ളോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരമാണ് നടപടികൾ സ്വീകരിക്കേണ്ടത് എന്നാൽ ആയതിന് വിരുദ്ധമായാണ് മുനിസിപ്പാലിറ്റിയിൽ താൽക്കാലിക നിയമനങ്ങൾ നടത്തിയിരിക്കുന്നത്. മുൻ വർഷ ഓഡിറ്റ് റിപ്പോർട്ടിലും ഇത് സംബന്ധിച്ച് പരാമർശങ്ങൾ ഉൾപ്പെടുത്തിയിരുന്നെങ്കിലും നടപടികൾ സ്വീകരിച്ചിട്ടില്ല. 2011 ലെ കേരള മുനിസിപ്പാലിറ്റി ( ഉദ്യോഗസ്ഥരുടെ മേൽനിയന്ത്രണം ) ചട്ടങ്ങൾ. ചട്ടം (8) പ്രകാരം സ്ഥലം മാറ്റമോ അവധി മൂലമോ മറ്റേതെങ്കിലും കാരണം കൊണ്ടോ മുനിസസിപ്പാലിറ്റിക്ക് സേവനം വിട്ടുകൊടുക്കപ്പെട്ട ഒരു സർക്കാർ ഉദ്യോഗസ്ഥന്റേയോ ജീവനക്കാരന്റേയോ തസ്തികയിൽ ഒഴിവുണ്ടായാൽ ആ തസ്തികയെ സംബന്ധിച്ച നിയമനരീതി നേരിട്ടുള്ള നിയമനം ആയിരിക്കുന്ന പക്ഷം പ്രസ്തുത ഒഴിവ് നികത്തുന്നതിന് മറ്റൊരു സർക്കാർ ഉദ്യോഗസ്ഥനേയോ ജീവനക്കാരനേയോ ഉടനെ വിട്ടു കിട്ടാത്ത സാഹചര്യത്തിൽ , സർക്കാരിന്റെ പൊതുമാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിധേയമായി ബന്ധപ്പെട്ട നിയമന അധികാരിയെ മുൻകൂട്ടി അറിയിച്ചുകൊണ്ട് ആ ഒഴിവിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയോ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന ഉദ്യോഗാർത്ഥിയെ ലഭിക്കാത്ത സാഹചര്യത്തിൽ സർക്കാർ പ്രത്യേകം നിശ്ചയിച്ചിട്ടുള്ള വ്യവസ്ഥകൾ പ്രകാരം കരാർ പ്രകാരം മുനിസിപ്പാലിറ്റിക്ക് മറ്റൊരാളെ 6 മാസത്തിൽ കൂടുതൽ അല്ലാത്ത കാലയളവിലേക്കോ ഒരു സർക്കാർ ഉദ്യോഗസ്ഥനോ ജീവനക്കാരനോ പ്രസ്തുത ഒഴിവിലേക്ക് നിയമിതനാകുന്നത് വരേയോ, ഇവയിൽ ഏതാണ് ആദ്യം അതുവരേയ്ക്ക് താത്ക്കാലികമായി നിയമിക്കാവുന്നതാണ്.

മേൽ നിബന്ധനകൾ പാലിച്ചിട്ടുണ്ടോ എന്നത് വിശദീകരിക്കേണ്ടതാണ്.

## 3-8 സ്കൂളിൽ ഫർണിച്ചർ - കൈപ്പറ്റിയ ഇനങ്ങളുടെ സ്പെസിഫിക്കേഷൻ വ്യക്തമല്ല

2016 – 17 വർഷത്തിൽ GGVHSS പ്രിൻസിപ്പൽ നടപ്പാക്കിയ താഴെപ്പറയുന്ന ചെലവിനത്തിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | 253 / 17 |
| പ്രോജ്ടിന്റെ പേര് | GGVHSS – പുതിയ ബ്ലോക്കിലേക്ക് ഫർണിച്ചർ |
| ട്രഷറി ബിൽ നമ്പർ , തിയ്യതി , തുക | 05/16-17 , 30.03.2017 , 298500 രൂപ |
| ഫർണിച്ചർ വിതരണം ചെയ്ത ഏജൻസി | ALE (Arte Furniture Mart , ഈസ്റ്റ് നല്ലൂർ , ഫറോക്ക് |

| | |
|---|---|
| ഇൻവോയ്സ് നമ്പർ | 01 / 29.03.217 |

വിതരണം ചെയ്ത വസ്തുക്കളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | ഇനം | എണ്ണം | വില (ടാക്സ് അടക്കം)രൂ. |
|---|---|---|---|
| 1 | Podium | 10 | 69000 |
| 2 | മേശ | 5 | 82500 |
| 3 | ഡെസ്ക് | 15 | 79500 |
| 4 | ബെഞ്ച് | 15 | 67500 |
| | | ആകെ | 298500 |

എന്നാൽ ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനു വേണ്ടി നല്കിയ ടെണ്ടറിൽ ഇനങ്ങളുടെ സ്പെസിഫിക്കേഷൻ
(നീളം, വീതി, ഉയരം, മരത്തിന്റെ തരം) എന്നിവ വ്യക്തമാക്കിയിട്ടില്ല. ഇൻവോയ്സിലും ഇക്കാര്യം വ്യക്തമാക്കിയിട്ടില്ല. അപാകത വിശദീകരിക്കേണ്ടതാണ്.

## 3-9 ഓഫിസ് അനക്സ് കെട്ടിടനിർമ്മാണം - പ്രോജക്ടിലെ അപാകതകൾ

2016-17 വർഷത്തെ ഐ.കെ.എം ചെലവ് സ്റ്റേറ്റ്മെന്റ് പ്രകാരം മുനിസിപ്പിൽ എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായുള്ള പ്രോജക്ടുകളുടെ കൂട്ടത്തിൽ ഉൾപ്പെട്ട താഴെപ്പറയുന്ന പ്രോജക്ടുകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | 222 / 17 |
| പ്രോജക്ടിന്റെ പേര് | മുനിസിപ്പൽ അനക്സ് - കെട്ടിടനിർമ്മാണം |
| വകയിരുത്തിയ തുക | 10 ലക്ഷം രൂ |
| ചെലവഴിച്ച തുക | - |
| ഫണ്ട് | തനത്ഫണ്ട് |
| ഭരണാനുമതി | 2(1) / 23.07.2016 |
| അനുമതി നല്കിയത് | ശ്രീ.സി.ചന്ദ്രൻ , അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (LSGD). 08.09.2016 ലെ kkd/frk/121/2016-17 ഉത്തരവ് പ്രകാരം. |
| പ്രോജക്ട് നമ്പർ | 284 / 17 |
| പ്രോജക്ടിന്റെ പേര് | ഓഫീസ് അനക്സ് നിർമ്മാണത്തിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ (റാറ്റിഫിക്കേഷൻ) |
| വകയിരുത്തിയ തുക | 312150 രൂ |

| | |
|---|---|
| ചെലവഴിച്ച തുക | - |
| ഫണ്ട് | തനത്ഫണ്ട് |
| ഭരണാനുമതി | 1 / 31.01.2017 |
| അംഗീകാരം നല്കിയത് | ശ്രീ.സി.ചന്ദ്രൻ, അസിസ്റ്റന്റ് എക്സികൃൂട്ടീവ് എഞ്ചിനീയർ(LSGD), 01.02.2017 ലെ kkd/frk/284/16-17 ഉത്തരവ് പ്രകാരം. |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ശ്രീ.എം.ദിനേഷ് കുമാർ , മുനിസിപ്പൽ എഞ്ചിനീയർ. |

നിലവിലുള്ള മുനിസിപ്പൽ കെട്ടിടം ഭാഗികമായി പൊളിച്ചുമാറ്റി പുതിയ കെട്ടിടം കൂട്ടിച്ചേർത്ത് നിർമ്മിക്കുന്നതാണ് പദ്ധതി. പുതിയ കെട്ടിടത്തിൽ വില്ലേജ് ഓഫീസ്, അഗ്രികൾച്ചർ ഓഫീസ്, സ്പെഷ്യൽ സ്കൂൾ എന്നിവ കൂടി ഉൾക്കൊള്ളിച്ചിട്ടുണ്ട്. എന്നാൽ ഈ ഇനത്തിൽ തനത്ഫണ്ട് പ്രോജക്ട് എന്ന നിലയിൽ, 2016 – 17 വർഷത്തിൽ ചെലവൊന്നും നടത്തിയിട്ടില്ല. പകരം നിർമ്മാണവുമായി ബന്ധപ്പെട്ട സോയിൽ ടെസ്റ്റ്, ടെക്നിക്കൽ കൺസൽട്ടന്റിനുള്ള ഫീസ് എന്നീ ഇനങ്ങളിൽ തനത്ഫണ്ടിൽ നിന്നും ചെലവ് നടത്തിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| തനത് ഫണ്ട് വൗച്ചർ നമ്പർ | 21601072 / 01.17 |
| തുക | 271112 രൂ |
| ചെലവിനം | ടെക്നിക്കൽ കൺസൽട്ടന്റ് പി.സി.റഷീദ് ആൻഡ് അസോസിയേറ്റ്സ് ,കോഴിക്കോട് എന്ന സ്ഥാപനത്തിനുള്ള പ്രൊഫഷനൽ ഫീസ് , സർവ്വീസ് ടാക്സ്. |
| സ്ഥാപനത്തിന്റെ കാഷ് ബിൽ | 63 / 14.12.2016 |
| സ്ഥാപനത്തിന്റെ രശീത് നമ്പർ | നമ്പർ ഇല്ല / 18.01.2017 |
| തനത്ഫണ്ട് വൗച്ചർ നമ്പർ | 21601073 / 12.2016 |
| തുക | 41038 രൂ |
| ചെലവിനം | സോയിൽ ടെസ്റ്റ് നടത്തിയ Midcose , ഈസ്റ്റ് നടക്കാവ് ,കോഴിക്കോട് 11 എന്ന സ്ഥാപനത്തിനുള്ള ഫീസ്. |
| സ്ഥാപനത്തിന്റെ കാഷ്ബിൽ നമ്പർ | 63 / 30.11.2016 |

| | |
|---|---|
| സ്ഥാപനത്തിന്റെ രശീത് നമ്പർ | നമ്പർ ഇല്ല / 19.01.2017 |

ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ ചില വസ്തുതകൾ ശ്രദ്ധയിൽ പെടുത്തുന്നു.

1. കെട്ടിട നിർമ്മാണത്തിന് 1999 ലെ കേരള മുനിസിപ്പാലിറ്റി കെട്ടിടനിർമ്മാണ ചട്ടങ്ങൾ , ചട്ടം 4 പ്രകാരമുള്ള പെർമിറ്റ് ലഭിച്ചതായി ഫയലിൽ കാണുന്നില്ല. മുനിസിപ്പാലിറ്റിയുടെ തന്നെ കെട്ടിടനിർമ്മാണമാണെങ്കിൽക്കൂടി ചട്ടപ്രകാരമുള്ള പരിശോധനകൾ നടത്തി , കൺസൽട്ടന്റ് തയ്യാറാക്കിയ പ്ലാനിൽ നിർദ്ദിഷ്ട സുരക്ഷാ മാനദണ്ഡങ്ങൾ പാലിച്ചിട്ടുണ്ടോ എന്ന് ഉറപ്പ് വരുത്തി പെർമിറ്റ് നല്കേണ്ടത് ആവശ്യമാണ്. പെർമിറ്റ് നല്കിയിട്ടുണ്ടെങ്കിൽ ആയത് പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

നിർമ്മാണം ഉദ്ദേശിക്കുന്ന സ്ഥലം , ഫറോക്ക് മുനിസിപ്പാലിറ്റിയുടേതാണെന്ന് തെളിയിക്കുന്ന രേഖകളൊന്നും ഫയലിൽ ലഭ്യമല്ല. 1999 ലെ കേരള മുനിസിപ്പാലിറ്റി കെട്ടിടനിർമ്മാണ ചട്ടങ്ങൾ , ചട്ടം 7 പ്രകാരം കെട്ടിടം നിർമ്മിക്കുകയോ , കൂട്ടിച്ചേർക്കുകയോ , വിപുലീകരിക്കുകയോ ചെയ്യുവാൻ ഉദ്ദേശിക്കുന്ന പക്ഷം ബന്ധപ്പെട്ട ഭൂമിയുടെ ഉടമസ്ഥാവകാശം തെളിയിക്കുന്ന രേഖകൾ കൂടി പ്ലാനുകളോടൊപ്പം ഹാജരാക്കേണ്ടതുണ്ട്. പ്ലാൻ പ്രകാരം പ്ലോട്ട് വിസതീർണം 66.7 സെന്റ് എന്നു കാണുന്നു, എന്നാൽ റി-സർവ്വേ നമ്പറൊന്നും വ്യക്തമാക്കിയിട്ടില്ല.

2. കെട്ടിടനിർമ്മാണവും കൂട്ടിച്ചേർക്കലും ഉദ്ദേശിക്കുന്ന പ്ലോട്ട് ചാലിയാർ പുഴയോട് ചേർന്ന പ്രദേശത്താണ്. അഴിമുഖത്തോട് അടുത്ത് സ്ഥിതി ചെയ്യുന്ന പ്രദേശമാണിത്. പ്രദേശം കേന്ദ്രസർക്കാർ പുറപ്പെടുവിച്ച CRZ വിജ്ഞാപനത്തിൽ കീഴിൽ വരുന്നതാണ്. എന്നാൽ നിർമ്മാണത്തിനുള്ള CRZ ക്ലിയറൻസ്, കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിയിൽ നിന്നും ലഭ്യമാക്കിയിട്ടില്ല. CRZ ക്ലിയറൻസിനുള്ള നടപടിക്രമങ്ങൾ 26.01.2013 തിയ്യതിയിലെ 1722 / എ2 / 12 / ശാ.സാ.വകുപ്പ് - നമ്പർ സർക്കുലറിൽ വ്യക്തമാക്കിയിട്ടുള്ളത് പാലിച്ചിട്ടില്ല.

3. പ്ലാൻ പ്രകാരം പ്രധാനമായും പാർക്കിങ്ങിന് ഉപയോഗിക്കുന്ന ബേസ്മെന്റ് ഫ്ലോറിലാണ് വില്ലേജ് ഓഫീസ് , അഗ്രികൾച്ചർ ഓഫീസ് , സ്പെഷ്യൽ സ്കൂൾ എന്നിവ വിഭാവനം ചെയ്യുന്നത്. 1999 ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ , ചട്ടം 54 പ്രകാരം വിദ്യാഭ്യാസ കെട്ടിടങ്ങൾ പാലിക്കേണ്ട പ്രത്യേക വ്യവസ്ഥകൾ വിശദമാക്കിയിട്ടുള്ളതാണ്. കളിസ്ഥലം പോലുള്ള സൗകര്യങ്ങൾ ഇവിടെ ബേസ്മെന്റ് ഫ്ലോറിൽ സ്ഥിതി ചെയ്യുന്ന സ്കൂൾ കെട്ടിടത്തിന് ലഭ്യമല്ല.

4. 26.08.2016 ലെ 3(22) ാം നമ്പർ കൗൺസിൽ തീരുമാന പ്രകാരം , റഷീദ് അസോസിയേറ്റ്സ് തയ്യാറാക്കിയ പുതുക്കിയ പ്രോജക്ട് അംഗീകരിച്ചതായി പറയുന്നുണ്ടെങ്കിലും , ആയത് പരിശോധനക്ക് ലഭിച്ചിട്ടില്ല. മേൽ പരാമർശിച്ച ന്യൂനത പുതുക്കിയ പ്രോജക്ടിൽ പരിഹരിക്കപ്പെട്ടിട്ടുണ്ടോ എന്നത് വ്യക്തമല്ല.

5. കെട്ടിടത്തിന്റെ ടെക്നിക്കൽ കൺസൽട്ടന്റ് ആയി പി.സി.റഷീദ് ആൻഡ് അസോസിയേറ്റ്സ് , കോഴിക്കോട് എന്ന സ്ഥാപനത്തെ നിശ്ചയിച്ചിട്ടുണ്ട്. കെട്ടിട നിർമ്മാണത്തിന്റെ ആകെ എസ്റ്റിമേറ്റ് 4.75 കോടി രൂപയായും ഇതിന്റെ 2.33 % സ്ഥാപനത്തിന്റെ പ്രൊഫഷനൽ ഫീസ് ആയും നിജപ്പെടുത്തിയിട്ടുണ്ട്. കെട്ടിടത്തിന്റെ പ്ലാൻ തയ്യാറാക്കുക , സ്ട്രക്ചറൽ അനാലിസിസ് തയ്യാറാക്കുക , detailed estimate തയ്യാറാക്കുക , പ്രവൃത്തി നടക്കുമ്പോൾ മേൽനോട്ടം വഹിക്കുക എന്നിവ മേൽസ്ഥാപനത്തിന്റെ ചുമതലയാണ്. ഈ വിഷയത്തിൽ ശ്രീ.പി.സി.അബ്ദുൾ റഷീദ് എന്നയാളും ശ്രീ.ടി.എം.സുരേഷ് ബാബു മുനിസിപ്പൽ സെക്രട്ടറിയും കക്ഷികളായി 19.09.2016 ലെ 1/2016 നമ്പർ ഉടമ്പടി ഒപ്പിട്ടിട്ടുണ്ട്. എന്നാൽ ഈ സ്ഥാപനത്തെയും സോയിൽ ടെസ്റ്റ് നടത്തിയ Midcose എന്ന സ്ഥാപനത്തെയും അതാത് ജോലികൾക്ക് എങ്ങനെയാണ് മുനിസിപ്പാലിറ്റി തെരഞ്ഞെടുത്തത് എന്ന് വ്യക്തമല്ല. 20.8.2016 ലെ ജി.ഒ(ആർ.ടി) 2487 / 2016 / എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരമുള്ള

പ്രോക്യൂർമെന്റ് മാന്വൽ ഖണ്ഡിക XXXVI (C) പ്രകാരം വിവിധ സേവനങ്ങൾ ലഭ്യാക്കുന്നതിനും ഉത്തരവ് പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കേണ്ടതുണ്ട്.

6. നിർമ്മാണത്തിന്റെ ആകെ എസ്റ്റിമേറ്റ് 4.75 കോടി രൂപയാണ്. ഈ തുകയുടെ 2.33 %മാണ് ടെക്നിക്കൽ കൺസൽട്ടന്റിനുള്ള പ്രൊഫഷനൽ ഫീസ് ആയി നിർണയിച്ചത്. ഇതിൽത്തന്നെ പ്രാഥമിക സേവനങ്ങൾ ആയ കെട്ടിടപ്ലാൻ തയ്യാറാക്കുക എന്നിവ പൂർത്തീകരിച്ചതിനുള്ള പ്രതിഫലമായാണ് എസ്റ്റിമേറ്റ് തുകയുടെ 0.5 ശതമാനവും സർവ്വീസ് ടാക്സും അടക്കം 271112 രൂപ കൈമാറിയത്. എന്നാൽ എസ്റ്റിമേറ്റ് തുക 4.75 കോടി രൂപയാണെന്നത് എങ്ങനെ നിർണയിച്ചു എന്നത് വ്യക്തമല്ല. വിശദമായ എസ്റ്റിമേറ്റ് റിപ്പോർട്ട് പരിശോധനക്ക് ലഭിച്ചിട്ടില്ല.

7. പ്ലാൻ പ്രകാരം വിഭാവനം ചെയ്യുന്ന കെട്ടിടത്തിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| കെട്ടിട ഭാഗം | Existing (m2) | Demolished (m2) | Proposed(m2) | ആകെ(m2) |
|---|---|---|---|---|
| BF | 496.58 | 119.04 | 508.75 | 1005.33 |
| GF | 531.98 | - | 533.63 | 1065.61 |
| FF | 18.7 | - | 613.91 | 632.61 |
| SF | - | - | 517.58 | 517.58 |
| TF | - | - | 36.68 | 36.68 |

ആകെ : 3257.81 എം2

1999 ലെ കേരള മുനിസിപ്പാലിറ്റി കെട്ടിടനിർമ്മാണ ചട്ടങ്ങൾ, ചട്ടം 54 പ്രകാരം വിനിയോഗ ഗണം B.F എന്നിവയിൽ പെടുന്നതും ഭൂനിരപ്പിൽ നിന്ന് മൂന്ന് നിലകൾ കഴിയുന്നതുമായ കെട്ടിടങ്ങളുടെ കാര്യത്തിൽ പെർമിറ്റ് അനുവദിക്കുന്നതിന് മുൻപ് അഗ്നിശമന സേനാ ഡയറക്ടറിൽ നിന്നോ, അല്ലെങ്കിൽ അദ്ദേഹം അധികാരപ്പെടുത്തിയ ഒരു ഉദ്യോഗസ്ഥനിൽ നിന്നോ അംഗീകാര സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതുണ്ട്. നിബന്ധന പാലിച്ച ശേഷമാണ് പെർമിറ്റ് നല്കേണ്ടത്.

8. Midcose എന്ന ഏജൻസിക്കും , പി.സി.റഷീദ് അസോസിയേറ്റ്സ് എന്ന സ്ഥാപനത്തിനും പ്രതിഫലം നല്കുന്ന വിഷയത്തിൽ 03.01.2017 ലെ 6(12) ാം തീരുമാനം കൗൺസിൽ കൈക്കൊണ്ടതായി കാണുന്നു. നിലവിൽ സോയിൽ ടെസ്റ്റ് നടത്തുന്നതും, ടെക്നിക്കൽ കൺസൽട്ടന്റിന് പ്രൊഫഷനൽ ഫീസ് നല്കുന്നതും 222 / 17 നമ്പർ പ്രോജക്ടിൽ ഉൾപ്പെട്ടവയല്ല. ആയതിനാൽ ഇവ ഉൾപ്പെടുത്തി താത്ക്കാലികമായി ഒരു പ്രോജക്ട് തയ്യാറാക്കി DPCഅംഗീകാരം വാങ്ങുന്നതിനും , ചെലവ് തനത് ഫണ്ടിൽ നിന്നും വഹിക്കുന്നതിനുമാണ് കൗൺസിൽ തീരുമാനിച്ചത്. ഈ വിഷയത്തിൽ " ഓഫീസ് അനക്സ് നിർമ്മാണത്തിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ ( റാറ്റിഫിക്കേഷൻ ) " എന്ന പേരിൽ എസ്.ഒ.284 / 17 നമ്പർ പ്രോജക്ട് നിലവിൽ വന്നെങ്കിലും ഈ ഇനത്തിലുള്ള 312150 രൂ (271112 രൂ + 41038 രൂ ) ചെലവ് ,തനത് ഫണ്ട് പ്രോജക്ട് ചെലവ് ഇനത്തിൽ 2016- 17 വർഷത്തെ ഐ.കെ.എം ചെലവ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

അപാകതകൾ വിശദീകരിക്കേണ്ടതാണ്. Fire Force , CZMA എന്നീ ഏജൻസികളിൽ നിന്നുള്ള നിരാക്ഷേപ പത്രങ്ങളും (NOC) ഇവ പരിശോധിച്ചശേഷം കെട്ടിട നിർമ്മാണത്തിന് നല്കിയ പെർമിറ്റും പരിശോധനക്ക് ഹാജരാക്കേണ്ടതാണ്. 312150 രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

## 3-10 വെറ്ററിനറി പ്രോജക്ടുകൾ - കന്നുകാലി പരിപാലന പദ്ധതി - കൈമാറിയ തുകക്ക് വിനിയോഗ സർട്ടിഫിക്കറ്റ് ലഭിച്ചില്ല.

വെറ്ററിനറി സർജ്ജൻ 2016 – 17 വർഷത്തിൽ നടപ്പാക്കിയ താഴെപ്പറയുന്ന പ്രോജക്ടിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | 52 / 17 |
| പ്രോജക്ടിന്റെ പേര് | കന്നുകുട്ടി പരിപാലന പദ്ധതി |
| വകയിരുത്തിയ തുക | 187500 രൂപ |
| ചെലവാക്കിയ തുക | 187500 രൂപ |
| ട്രഷറി ബിൽ നമ്പർ , തുക | എം 01 / 2016 – 17 / 28.01.2017 , 187500 രൂപ |
| തുക കൈമാറിയ ഡി..ഡി നമ്പർ | 796740 / 01.02.2017 |
| തുക കൈപ്പറ്റിയത് | അസിസ്റ്റന്റ് ഡയറക്ടർ , കന്നുകാലി പരിപാലന പദ്ധതി |
| കൈപ്പറ്റ് രശീത് നമ്പർ | 576 / 06.02.2017 |

കൈമാറിയ തുകക്ക് വിനിയോഗ സർട്ടിഫിക്കറ്റ് ലഭിച്ചിട്ടില്ല. അപാകത വിശദീകരിക്കേണ്ടതാണ്.187500 രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

## 3-11 ഫറോക്ക് മുനിസിപ്പൽ സെക്രട്ടറി നടപ്പാക്കിയ പ്രോജക്ടുകൾ - കൈമാറിയ തുകകൾക്ക് വിനിയോഗ സർട്ടിഫിക്കറ്റ് ലഭിച്ചില്ല.

2016 – 17 വർഷത്തിൽ ഫറോക്ക് മുനിസിപ്പൽ സെക്രട്ടറി നടപ്പാക്കിയ താഴെപ്പറയുന്ന പ്രോജക്ടുകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

I

| | |
|---|---|
| പ്രോജക്ട് നമ്പർ | 176 /17 |
| പ്രോജക്ടിന്റെ പേര് | ഐ.എ.വൈ വിഹിതം നല്കൽ |
| വകയിരുത്തിയ തുക | 2 ലക്ഷം രൂപ |
| ചെലവഴിച്ച തുക | 2 ലക്ഷം രൂപ |
| ട്രഷറി ബിൽ നമ്പർ , | 31 / 27.03.2017 , 2 ലക്ഷം രൂപ |

| | |
|---|---|
| തുക | |
| തുക കൈപ്പറ്റിയത് | കോഴിക്കോട് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി |
| രശീത് നമ്പർ | 01 / 117200500007 / 20.04.2017 |

II.

| | |
|---|---|
| പ്രോജക്ട് നമ്പർ | 286 /17 |
| പ്രോജക്ടിന്റെ പേര് | വയോമിത്രം - സാമൂഹ്യസുരക്ഷ മിഷന് നഗരസഭയുടെ വിഹിതം നല്കൽ. |
| ചെലവ് തുകയുടെ ട്രഷറി ബിൽ നമ്പറുകൾ ,തിയ്യതി, തുക | 32 / 29.03.2017 , 173161 രൂപ,<br>39 / 31.03.2017 , 1 ലക്ഷം രൂ |

കെ.എസ്.എസ്.എം എക്സിക്യൂട്ടീവ് ഡയറക്ടർ 24.01.2017 ലെ എ3 / 2101 / 2016 / കെ.എസ്.എസ്.എം കത്തിൽ നിർദ്ദേശിച്ച പ്രകാരമാണ് തിരുവനന്തപുരം ജില്ല ട്രഷറിയിലെ Special TSB അക്കൗണ്ടിലേക്ക് കൈമാറിയത്. കൈമാറിയ തുകക്ക് രശീത് , വിനിയോഗ സർട്ടിഫിക്കറ്റ് എന്നിവ ലഭിച്ചിട്ടില്ല. അപാകത വിശദീകരിക്കേണ്ടതാണ്. 473161 രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

## 3-12 പെയിൻ ആൻഡ് പാലിയേറ്റീവ് കെയർ പദ്ധതി - സർക്കാർ മാർഗ്ഗരേഖക്ക് വിരുദ്ധമായ ചെലവ്

2016-2017 വർഷത്തിൽ താലൂക്ക് ആശുപത്രി സൂപ്രണ്ട് നടപ്പാക്കിയ താഴെപ്പറയുന്ന പ്രോജക്ടിൽ സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായാണ് ചെലവ് നടന്നിട്ടുള്ളത് . വിശദാംശങ്ങളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | 34 / 17 |
| പ്രോജക്ടിന്റെ പേര് | പെയിൻ ആൻഡ് പാലിയേറ്റീവ് കെയർ |
| വകയിരുത്തിയ തുക | 8 ലക്ഷം രൂപ |
| ചെലവഴിച്ച തുക | 8 ലക്ഷം രൂപ |
| ഫണ്ട് | വികസന ഫണ്ട് പൊതുവിഭാഗം |
| ഭരണാനുമതി | 2(1) / 23.07.2016 |

| | |
|---|---|
| അംഗീകാരം നല്കിയ ഉദ്യോഗസ്ഥ | ഡോ.സരിത ആർ.എൽ , ഡി.എം.ഓ.<br>29.08.16 ലെ സി 1 / 37 / 2016 - 17 ഉത്തരവ് പ്രകാരം. |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഡോ.ലാല്യ ജോൺസ്.ആർ ,മെഡിക്കൽ സൂപ്രണ്ട് , താലൂക്ക് ആശുപത്രി. |

പാലിയേറ്റീവ് പരിചരണ മാർഗ്ഗരേഖയായ ജി.ഓ ( ആർ.ടി) 3217 / 2015 തസ്വഭവ തിയ്യതി 29.10.2015 നമ്പർ ഉത്തരവിന് വിരുദ്ധമായ ചെലവുകൾ താഴെപ്പറയുന്നു.

| ക്രമ നമ്പർ | മാർഗ്ഗരേഖ ഖണ്ഡിക നമ്പർ | ചെലവിനം | മാർഗ്ഗരേഖ പ്രകാരം അനുവദനീയ മായ ചെലവ് | നടത്തിയ ചെലവ് | ട്രഷറി ബിൽ നമ്പർ / തിയ്യതി , തുക | വൗച്ചർ നമ്പർ , തുക (രൂ) | റിമാർക്സ് |
|---|---|---|---|---|---|---|---|
| 1. | 2.6.13 | വാർഷിക സംഗമം നടത്തിപ്പ് | 3000 രൂപ (ഭക്ഷണം ഒഴികെ ചെലവുകൾക്ക്) | 107130 രൂ | സി.ബി നമ്പർ 03/2016-17<br>09.03.2017 ,192450 രൂപ | 1(C): 5000 രൂ<br>3(1) മുതൽ<br>3(16) വരെ : 5050രൂ<br>3(17): 1560 രൂ<br>3(18): 900 രൂ<br>3(19): 600 രൂ<br>3(20): 320 രൂ<br>3(21) : 1000 രൂ<br>5 : 64700 രൂ<br>7(a):15000 രൂ<br>7(b):13000 രൂ<br>ആകെ: 107130 രൂ | വൗച്ചർ നമ്പർ 5 പ്രകാരമുള്ള<br>64700 രൂ ഭക്ഷണ ചെലവ് കിഴിച്ച് ബാക്കി ചെലവ് 42430 രൂ |
| 2. | 2.6.14 | വളന്റിയർമാർക്ക് ട്രെയിനിങ് | 2000 രൂപ (ഭക്ഷണം ഒഴികെ | 28028 രൂ | CB04/16-17 തിയ്യതി | വൗച്ചർ നമ്പർ 8( 1 ) മുതൽ 8(15 ) | ഭക്ഷണം ഒഴികെ ചെലവ് 15228 രൂ |

| | | | | | | | |
|---|---|---|---|---|---|---|---|
| | | (വാർഷിക ഏകദിന തുടർപരിശീലനം) | ചെലവുകൾക്ക്) | | 30.3.17<br>408940 രൂപ | വരെ<br>28028 രൂപ .ഇതിൽ<br>വൗച്ചർ നമ്പർ 8(7) പ്രകാരമുള്ള ഭക്ഷണച്ചെലവ് 12800 രൂ | |

ഇതു കൂടാതെ പദ്ധതിപ്പണം ഉപയോഗിച്ച് കെ.എം.സി.എസ്.എൽ എന്ന സ്ഥാപനത്തിൽ നിന്നും മരുന്നുകളും സ്റ്റാൻഡേർഡ് സർജിക്കൽസ് എന്ന സ്ഥാപനത്തിൽ നിന്നും ഉപകരണങ്ങളും വാങ്ങിയിട്ടുണ്ട്. എന്നാൽ ഇവയൊന്നും ആശുപത്രിയിലേക്ക് ലഭിച്ചിട്ടില്ല. മാത്രമല്ല കൈമാറിയ പണം കൈപ്പറ്റിയതിനുള്ള രശീതുകളും അതാത് സ്ഥാപനങ്ങളിൽ നിന്നും ലഭിച്ചിട്ടില്ല. വിശദാംശങ്ങൾ താഴെചേർക്കുന്നു. NEFT മുഖേനയാണ് തുകകൾ കൈമാറിയിട്ടുള്ളത് .

| ക്രമ നമ്പർ | ട്രഷറി ബിൽ നമ്പർ , തുക | പണം കൈപ്പറ്റിയ സ്ഥാപനം | കൈപ്പറ്റിയ തുക | റിമാർക്സ് |
|---|---|---|---|---|
| 1. | സി.ബി 04 / 2016 17<br>തിയ്യതി 30.03.2017, 408940 രൂപ | KMSCL | 260000 രൂപ | വൗച്ചർ നമ്പർ 09,<br>10 / 2016 -17 എന്നിവ പ്രകാരം.<br>തുക മെഡിക്കൽ കോളേജ് ബ്രാഞ്ച് പഞ്ചാബ് നാഷനൽ ബാങ്കിലേക്ക് കൈമാറി. |
| 2. | ടി | സ്റ്റാൻഡേർഡ് സർജിക്കൽസ് | 26019 രൂപ | വൗച്ചർ നമ്പർ 11 / 2016 -17 പ്രകാരം.<br>തുക സിൻഡിക്കേറ്റ് ബാങ്ക് അക്കൗണ്ട് നമ്പർ 44051250001020 ലേക്ക് കൈമാറി. |

പ്രൊഫോർമ നമ്പർ PRF 4347 / 27.03.2017 , PRF 4298 / 27.03.2017 പ്രകാരമുള്ള മരുന്നുകളാണ് KMSCL ൽ നിന്നും ലഭിക്കേണ്ടത്. ഇതുപോലെ ബി.1907 / (തിയ്യതി ഇല്ല) നമ്പർ ബിൽ പ്രകാരമുള്ള ഉപകരണങ്ങളാണ് സ്റ്റാൻഡേർഡ് സർജിക്കൽസിൽ നിന്നും ലഭിക്കുവാനുള്ളത്. ഇവയൊന്നും നാളിതുവരെ ലഭിച്ചിട്ടില്ല. ആവശ്യപ്പെട്ട മരുന്നുകൾ , ഉപകരണങ്ങൾ എന്നിവ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

343677 രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.(42430+ 15228+ 260000 + 26019). ഇതിൽ 42430 രൂ , 15228 രൂ എന്നീ ചെലവുകൾക്ക് അർഹമായ അനുമതി വിവരവും കൂടി ലഭ്യമാക്കേണ്ടതാണ്.

## 3-13 SSA ഫണ്ട് - കൈമാറിയ തുകക്കുള്ള വിനിയോഗ സർട്ടിഫിക്കറ്റ് ലഭിച്ചിട്ടില്ല

2016 – 17 വർഷത്തിൽ ഫറോക്ക് മുനിസിപ്പാലിറ്റിയിൽ നടപ്പാക്കിയ താഴെപ്പറയുന്ന പ്രോജക്ടുകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 175 / 17 |
| പ്രോജക്ടിന്റെ പേര് | എസ്.എസ്.എ വിഹിതം നല്കൽ (ജനറൽ ) |
| കൈമാറിയ തുക | 8 ലക്ഷം രൂ |
| ട്രഷറി ബിൽ നമ്പർ | 1/2016-17 തിയ്യതി 10.02.2017 |
| ഫണ്ട് | വികസന ഫണ്ട് - പൊതുവിഭാഗം |

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 207 /17 |
| പ്രോജക്ടിന്റെ പേര് | എസ്.എസ്.എ ഫണ്ട് വിഹിതം നല്കൽ - (SC) |
| കൈമാറിയ തുക | 2 ലക്ഷം രൂപ |
| ട്രഷറി ബിൽ നമ്പർ | 02 / 16-17 തിയ്യതി 10.02.2017 |
| ഫണ്ട് | എസ്.സി.പി |

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 175 / 17 |
| പ്രോജക്ടിന്റെ പേര് | എസ്.എസ്.എ വിഹിതം നല്കൽ (ജനറൽ ) |
| ട്രഷരി ബിൽ നമ്പർ ,തിയ്യതി , തുക | 3 / 2016-17 തിയ്യതി 102.02.2017 , 5 ലക്ഷം രൂ |
| ഫണ്ട് | ധനകാര്യ കമ്മീഷൻ ഗ്രാന്റ് |

രശീത് ബുക്ക് നമ്പർ 337 -ലെ 033642 / 04.03.2017 നമ്പർ രശീതാണ് മൊത്തം തുകകൾക്കും കൂടി ലഭിച്ചത്.

എന്നാൽ ഈ തുകകൾക്കൊന്നും വിശദമായ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല. ഫറോക്ക് മുനിസിപ്പൽ പ്രദേശത്തുള്ള ഏതെല്ലാം സ്കൂളുകളിൽ ഏതൊക്കെ ഇനങ്ങളിലാണ് ഇവ ചെലവഴിച്ചതെന്ന് വിശദീകരിക്കേണ്ടതാണ്. 15 ലക്ഷം രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

## 3-14 ഹോംകോയ്ക്ക് കൈമാറിയ നാലുലക്ഷം രൂപക്കുള്ള ഹോമിയോ മരുന്നുകൾ ഇനിയും ലഭിച്ചില്ല

2016 - 2017 സാമ്പത്തിക വർഷത്തിൽ ഹോമിയോ മെഡിക്കൽ ഓഫീസർ നടപ്പാക്കിയ താഴെപ്പറയുന്ന പദ്ധതി പ്രകാരം ചെലവഴിച്ച തുകക്കുള്ള മരുന്നുകൾ ഇനിയും ഡിസ്പെൻസറിയിൽ ലഭിച്ചിട്ടില്ല.

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 38 / 2017 |
| പ്രോജക്ടിന്റെ പേര് | ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ |

| | |
|---|---|
| വകയിരുത്തിയ തുക | 4 ലക്ഷം രൂപ |
| ചെലവഴിച്ച തുക | 4 ലക്ഷം രൂപ |
| ഫണ്ട് | മെയിന്റനൻസ് ഗ്രാന്റ് ( നോൺ റോഡ് ) |
| തുക കൈപ്പറ്റിയ ഏജൻസി | ഹോംകോ , ആലപ്പുഴ |
| ട്രഷറി ബിൽ നമ്പർ / തിയ്യതി , തുക | 01 / 15.03.2017 , 4 ലക്ഷം രൂപ |
| ഏജൻസിക്ക് തുക കൈമാറിയ രീതി | NEFT മുഖേന ഏജൻസിയുടെ അക്കൗണ്ടിലേക്ക് |
| ഏജൻസിയിൽ നിന്നും ലഭിച്ച രശീത് | 2877 / 01.04.2017 |
| നിർവ്വഹണ ഉദ്യോഗസ്ഥ | ഡോ: രേണു രാധാകൃഷ്ണൻ , ഹോമിയോ മെഡിക്കൽ ഓഫീസർ |

നാല്യ ലക്ഷം രൂപ കൈപ്പറ്റിയെങ്കിലും പ്രൊഫോർമ ഇൻവോയ്സ് നമ്പർ പിഎഫ് - 1081 / 18.01.2017 പ്രകാരമുള്ള മരുന്നുകളൊന്നും കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോ - ഓപ്പറേറ്റീവ്ഫാർമസി ലിമിറ്റഡ് ( ഹോംകോ ) എന്ന സ്ഥാപനം വിതരണം ചെയ്തിട്ടില്ല. അപാകത വിശദീകരിക്കേണ്ടതാണ്.സ്വീകരിച്ച തുടർനടപടികൾ അറിയി ക്കേണ്ടതാണ്.

## 3-15 സേവനപുസ്തകങ്ങളുടെ സൂക്ഷിപ്പ്/പരിപാലനം - അപാകതകൾ

ഫറോക്ക് നഗരസഭാ കാര്യാലയത്തിൽ സൂക്ഷിച്ചിട്ടുള്ള സേവനപുസ്തകങ്ങളിലെ അപാകതകൾ താഴെ പറയുന്നു.

1. ഫോട്ടോ പതിച്ചിട്ടില്ല.

സേവനപുസ്തകങ്ങൾ സൂക്ഷിക്കുന്നതിനുള്ള പൊതു നിർദ്ദേശങ്ങൾ പ്രകാരം ജീവനക്കാരന്റെ പാസ്പോർട്ട് സൈസിലുള്ള ഫോട്ടോ ഭാഗം 1 എയിലെ വ്യക്തി വിവരത്തോടൊപ്പം പതിയ്ക്കേണ്ടതും 10 വർഷത്തിലൊരിക്കൽ പുതിയ ഫോട്ടോ മാറ്റി പതിയ്ക്കേണ്ടതുമാണ്. എന്നാൽ താഴെ പറയുന്ന ജീവനക്കാരുടെ സേവനപുസ്തകങ്ങളിൽ ഫോട്ടോ പതിച്ചിട്ടില്ല.

(1) ശ്രീമതി. ഷാംലി.ഐ.പി, അസി. സെക്രട്ടറി

(2) ടോമി.എം.എം, ഹെഡ് ക്ലാർക്ക്

(3) സെയ്തലവി മേനായിക്കോട്, ഹെൽത്ത് ഇൻസ്പെക്ടർ.

2. ഫോട്ടോ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

(1) ശ്രീമതി. ആശ.സി., സീനിയർ ക്ലാർക്ക്

(2) ശ്രീമതി. സി. ഗംഗ, ക്ലാർക്ക്

(3) ശ്രീമതി. ഹസീന.ടി.എ, സീനിയർ ക്ലാർക്ക്

(4) ശ്രീ.നിഷാദ് അലി, സീനിയർ ക്ലാർക്ക്

(5) ശ്രീമതി. അമ്പിളി.യു.പി., -ടി-

(6) ശ്രീ.മുഹമ്മദ്.പി.എം, സ്വീപ്പർ ( ഫുൾ ടൈം)

(7) ശ്രീ. ഗ്രേഷ്യസ്.എം.ഫെർണാണ്ടസ്, -ടി-

3. നിയമന ഉത്തരവ്

ആശ്രിത നിയമനം വഴി നിയമനത്തിൽ പ്രവേശിച്ച ശ്രീ. സച്ചിൻ. എ.സി., എൽ.ഡി.സി/ബി.സി.യുടെ നിയമനം സംബന്ധിച്ച സർക്കാർ ഉത്തരവ് സേവനപുസ്തകത്തിൽ പതിയ്ക്കേണ്ടതാണ്.

4. ശ്രീ.മുഹമ്മദ്.പി.എം ( സ്വീപ്പർ) ന് പ്രൊബേഷൻ ഡിക്ളയർ ചെയ്യുന്നതിന് മുമ്പ് ഇൻക്രിമെന്റ് അനുവദിച്ചു വഴി അധികമായി നൽകിയ തുക 10 തുല്യ ഗഡുക്കളായി തിരിച്ചു പിടിക്കുന്നതിന് ഫറോക്ക് ഗ്രാമപഞ്ചായത്ത് സെക്രട്ടറി, 07.04.2015 ലെ എ3/5942/15 നമ്പർ ഉത്തരവ് പ്രകാരം നിർദ്ദേശിച്ചിരുന്നു. തുക ഈടാക്കിയത് സംബന്ധിച്ച വിശദാംശങ്ങൾ സേവനപുസ്തകത്തിൽ രേഖപ്പെടുത്തി ഹാജരാക്കേണ്ടതാണ്.

5. കെ.എസ്.ആർ. പാർട്ട് 1 മുതൽ 78,86 എന്നിവ പ്രകാരം ആർജ്ജിതാവധി പുനഃക്രമീകരിച്ചിട്ടില്ല.

1. ശ്രീമതി. ജിഷ.പി., ക്ലാർക്ക്

2. ശ്രീമതി. ജിസില.പി, ക്ലാർക്ക്.

6. ശമ്പള പരിഷ്കരണം ഓഡിറ്റിന്റെ അംഗീകാരം ഇല്ല.

കാലാകാലങ്ങളിലുള്ള ശമ്പളപരിഷ്കരണം മൂലമുള്ള ശമ്പളനിർണ്ണയങ്ങൾക്ക് യഥാസമയം തന്നെ ഓഡിറ്റിന്റെ അംഗീകാരം വാങ്ങേണ്ടതാണ്. ശ്രീമതി.സി.ഗംഗ, ക്ലാർക്കിന്റെ ശമ്പള നിർണ്ണയങ്ങൾ ഓഡിറ്റിന്റെ അംഗീകാരത്തിനായി അയയ്ക്കേണ്ടതാണ്.

താഴെപ്പറയുന്ന ജീവനക്കാരുടെ 2014 ലെ ശമ്പളപരിഷ്കരണത്തിന് ഓഡിറ്റിന്റെ അംഗീകാരം വാങ്ങേണ്ടതാണ്.

1. ശ്രീമതി. ജിസിഎ.പി, ക്ലാർക്ക്.
2. ശ്രീ. ടോമി. എം.എം, ഹെഡ് ക്ലാർക്ക്
3. ശ്രീമതി.ധന്യ, സീനിയർ ക്ലാർക്ക്
4. ശ്രീ. ദേവദാസ്, ഓഫീസ് അറ്റൻഡന്റ്
5. ശ്രീമതി. ആശ, സീനിയർ ക്ലാർക്ക്
6. ശ്രീ.മുഹമ്മദ്.പി.എം ( സ്വീപ്പർ ഫുൾ ടൈം)
7. ശ്രീ. എം.കെ.ഹമീദ്, (സ്വീപ്പർ ഫുൾ ടൈം)
8. ശ്രീമതി.ഹസീന.ടി.എ, സീനിയർ ക്ലാർക്ക്

9. ശ്രീ.ജിഷാദ് അലി, ക്ലാർക്ക് (2009)

10. ശ്രീ. അഷ്റഫ് കുറ്റിയിൽ (സ്വീപ്പർ ഫുൾ ടൈം)

11. ശ്രീമതി.ഷാലി.പി., അസി. സെക്രട്ടറി

12. ശ്രീ. ഷജീഷ്.സി, ക്ലാർക്ക്

13. ശ്രീമതി. റീന.സി.സി, സൂപ്രണ്ട്

14. ശ്രീ. എം. ഗ്രേഷ്യസ്.എം.ഫെർണാണ്ടസ്,

15. ശ്രീ. ജിനീഷ്, സീനിയർ ക്ലാർക്ക്

മേൽ അപാകതകൾ പരിഹരിച്ച് സേവനപുസ്തകങ്ങൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 3-16 വാഹനങ്ങളുടെ പരിപാലനത്തിലെ അപാകതകൾ ഫറോക്ക് നഗരസഭയുടെ അഞ്ച് വാഹനങ്ങളുടെ ലോഗ് ബുക്കുകൾ പരിശോധിച്ചതിൽ കണ്ട അപാകതകൾ താഴെപ്പറയുന്നു.

1. 2000 ലെ കേരള മുനിസിപ്പാലിറ്റി ( മോട്ടോർ വാനങ്ങളുടെ ഉപയോഗവും പരിപാലനവും) ചട്ടങ്ങൾ 3(1) പ്രകാരം മുനിസിപ്പാലിറ്റിയുടെ എല്ലാ വാഹനങ്ങളുടെയും കസ്റ്റോഡിയൻ ഓഫീസർ സെക്രട്ടറി ആയിരിക്കുന്നതാണ്. എന്നാൽ 2016 ലെ നിയമസഭാ തെരഞ്ഞെടുപ്പ് ജോലികൾക്കായി വാഹനം ( കെ.എൽ. 11 ബി 1113) ഹാജരാക്കുന്നതിന് ബഹു. ജില്ലാ കലക്ടർ ഉത്തരവ് പുറപ്പെടുവിച്ചിട്ടും യഥോചിതം വാഹനം ഹാജരാക്കുന്നതിന് കഴിഞ്ഞില്ലെന്നു മാത്രമല്ല തന്റെ കസ്റ്റഡിയിൽ വിട്ടു കിട്ടിയില്ല എന്ന് കലക്ടറെ രേഖാമൂലം അറിയിക്കുകയും ചെയ്തിരിക്കുന്നു.

2. മേൽ ചട്ടങ്ങൾ (2) പ്രകാരം വാഹനങ്ങളുടെ ശരിയായ ഉപയോഗം, സംരക്ഷണം, ഉപയോഗത്തിന്റെ നിയന്ത്രണം എന്നിവയ്ക്ക് കസ്റ്റോഡിയൻ ഓഫീസർ ചുമതലക്കാരനായിരിക്കുന്നതാണ് എന്ന് പറയുന്നു. എന്നാൽ കലക്ടറേറ്റിൽ നിന്നും 23.02.2016 ന് അയച്ച വാഹനം സെക്രട്ടറി കൈപ്പറ്റിയതായി ലോഗ്ബുക്കിൽ കാണുന്നില്ല. മാത്രമല്ല 25.03.2016 ന് കലക്ടർ മുമ്പാകെ ഹാജരാക്കുന്നതിൽ വീണ്ടും വീഴ്ച വരുത്തുകയും ചെയ്തു. കൂടാതെ പ്രസ്തുത വാഹനം അപകടത്തിൽപ്പെട്ട വിവരം സെക്രട്ടറി അടുത്ത ദിവസത്തെ പത്രം വഴിയാണ് അറിയുന്നത്. ചുരുക്കത്തിൽ സെക്രട്ടറിയുടെ അറിവിലോ നിയന്ത്രണത്തിലോ അല്ല വാഹനം.

3. രജിസ്റ്ററുകളുടെ സൂക്ഷിപ്പ്.

1. ലോഗ്ബുക്ക്

KL-11 T 2348, KL-11 Z 6868, KL -11 AQ 3213 എന്നീ വാഹനങ്ങളുടെ ലോഗ്ബുക്കിൽ ഓരോമാസം അവസാനവും വാഹനം ആകെ ഓടിയത് സംബന്ധിച്ചും ഇന്ധന ഉപയോഗം സംബന്ധിച്ചും സംക്ഷിപ്ത വിവരം എഴുതി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ആയതിനാൽ ഇന്ധന ഉപയോഗം സംബന്ധിച്ച് കൃത്യമായ പരിശോധന നടത്താൻ കഴിഞ്ഞില്ല.

മേൽ ചട്ടങ്ങൾ 9(1) പ്രകാരം കസ്റ്റോഡിയൻ ഓഫീസറുടെയോ അദ്ദേഹം ചുമതലപ്പെടുത്തുന്ന ഓഫീസറുടെയോ സാന്നിധ്യത്തിൽ വാഹനത്തിന്റെ ഇന്ധന ടാങ്കിൽ പൂർണ്ണമായും ഇന്ധനം നിറയ്ക്കേണ്ടതും ചട്ടങ്ങൾ 9(2) പ്രകാരം ഇന്ധന ടാങ്ക് പൂർണ്ണമായി നിറയ്ക്കുമ്പോൾ ഇന്ധനം നിറച്ച തിയ്യതി, ടാങ്കിൽ ആകെയുള്ള ഇന്ധനത്തിന്റെ അളവ്, ആ സമയത്തെ മീറ്റർ റീഡിംഗ്, ഇന്ധനം നിറയ്ക്കുമ്പോൾ ഹാജരായ ആളുടെ പേര് ഉദ്യോഗപ്പേര്, ഒപ്പ് എന്നിവ രേഖപ്പെടുത്തേണ്ടതാണ്. പെട്രോൾ/ഡീസൽ/ ഓയിൽ ഓർഡർ ബുക്ക്, റിപ്പയർ രജിസ്റ്റർ, സ്റ്റോക്ക് രജിസ്റ്റർ , ഫ്യൂവൽ രജിസ്റ്റർ

എന്നിവയൊന്നും സൂക്ഷിച്ചിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം നൽകുന്നതോടൊപ്പം ചട്ടം പ്രകാരം രജിസ്റ്ററുകൾ തയ്യാറാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്.

## 3-17 ഫണ്ട് വിനിയോഗം-അവലോകനം

2016-17 വർഷം പദ്ധതി നടത്തിപ്പിനായി ലഭിച്ചതുകയിൽ വിവിധ ഫണ്ടുകളിൽ നിന്നായി 7145010 രൂപ യഥാസമയം വിനിയോഗിക്കാൻ കഴിയാഞ്ഞതിനാൽ കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യുക വഴി മുനിസിപ്പാലിറ്റിക്ക് നഷ്ടപ്പെട്ടിട്ടുണ്ട് .

വിവിധ ഫണ്ട് ഇനങ്ങളിലായി ലഭിച്ച തുകയും അതിൽ നിന്നുള്ള ചെലവ് വിവരങ്ങളും താഴെ ചേർക്കുന്നു.

| ഫണ്ടിനം | ബഡ്ജറ്റ് അലോട്ട്മെന്റ് | തൻവർഷ അലോട്ട് മെന്റ് പ്രകാരം വരവ് | ആകെ | ചെലവ് | ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്ത തുക | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 17782086 | 17782086 | 17782086 | 17743309 | 38777 | 99.78 |
| വികസനഫണ്ട് എസ്.സി.പി. | 9182895 | 9182895 | 9182895 | 7741111 | 1441784 | 84.29 |
| വികസനഫണ്ട് ടി.എസ്.പി. | 2241 | 2241 | 2241 | 2241 | 0 | 100 |
| സംരക്ഷണഗ്രാന്റ് റോഡ് | 6711735 | 6711735 | 6711735 | 5773830 | 937905 | 86.02 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 4931118 | 4931118 | 4931118 | 4930279 | 839 | 99.98 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 9065841 | 9065841 | 9065841 | 7498296 | 1567545 | 82.70 |
| പെർഫോമൻസ് ഗ്രാന്റ് | 7704857 | 7704857 | 7704857 | 4546697 | 3158160 | 59.01 |

യഥാർത്ഥത്തിൽ ലഭിച്ച ഫണ്ട് തുകയും സ്ഥാപനം വിവിധ പദ്ധതികൾക്കായി വകയിരുത്തിയ ഫണ്ട് തുകയും തമ്മിൽ വ്യത്യാസമുണ്ട്. വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ തൻ വർഷത്തെ പദ്ധതി പ്രകാരം വകയിരുത്തിയ തുകയും അവയിൽ നിന്നുള്ള ചെലവും സംബന്ധിച്ച വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | നിർവ്വഹണ ഉദ്യോഗസ്ഥർ | അംഗീകാരം കിട്ടിയ പ്രോജക്ടുകളുടെ | നടപ്പാക്കിയ പ്രോജക്ടുകളുടെ എണ്ണം | അടങ്കൽ | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| | | എണ്ണം | | | | |
| 1 | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 1 | 1 | 550000 | 272800 | 49.6 |
| 2 | മെഡിക്കൽ ഓഫീസർ ആയുർവേദം | 2 | 2 | 887500 | 887369 | 99.98 |
| 3 | മെഡിക്കൽ ഓഫീസർ ഹോമിയോ | 2 | 2 | 440000 | 439900 | 99.97 |
| 4 | കൃഷി ഓഫീസർ/കൃഷി ഫീൽഡ് ഓഫീസർ | 9 | 8 | 2949637 | 1742107 | 59.06 |
| 5 | സെക്രട്ടറി | 50 | 30 | 51567563 | 23258562 | 45.10 |
| 6 | മെഡിക്കൽ ഓഫീസർ കമ്മ്യൂണിറ്റി സെന്റർ | 2 | 2 | 840000 | 839900 | 99.98 |
| 7 | വെറ്റിനറി സർജൻ | 5 | 4 | 1716000 | 856500 | 49.91 |
| 8 | ഡെപ്യൂട്ടി ക്ഷീരവികസനഓഫീസർ | 2 | 2 | 656463 | 416463 | 63.44 |
| 9 | പ്രിൻസിപ്പാൾ ഗവ.വെക്കേഷണൽ ഹയർസെക്കൻഡറി | 8 | 4 | 2550000 | 1898462 | 74.44 |
| 10 | മുനിസിപ്പൽ എൻഞ്ചിനീയർ | 165 | 121 | 68368949 | 29522355 | 43.18 |
| 11 | ഐ.സി.ഡി.എസ് | 10 | 7 | 10583057 | 7580135 | 71.62 |

ഇതിൽ മുനിസിപ്പൽ എൻഞ്ചിനീയർക്ക് തൻ വർഷം 165 പ്രോജക്ടുകളിലായി 68368949 രൂപ അടങ്കലിലുള്ള പൊതുമരാമത്ത് പ്രവൃത്തികൾക്ക് അംഗീകാരം ലഭിച്ചെങ്കിലും ഇതിൽ 121 പ്രോജക്ടുകളിലായി 29522355 രൂപ യേ ചെലവഴിച്ചിട്ടുള്ളൂ. വകയിരുത്തിയ തുകയുടെ 43.18 ശതമാനം മാത്രമേ ചെലവുള്ളൂ. അതേപോലെ സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി അംഗീകാരം ലഭിച്ച 50 പ്രോജക്ടുകൾ ക്കായി വകയിരുത്തിയ 51567563 രൂപ അടങ്കൽ ഉള്ള പ്രവൃത്തികളിൽ 30 എണ്ണം മാത്രമാണ് നടപ്പാക്കുകയും വകയിരുത്തിയ തുകയിൽ 23258562 രൂപ മാത്രമേ ചെലവഴിച്ചിട്ടുള്ളൂ അതായത് 45.10 ശതമാനം മാത്രം. മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരിൽ വെറ്റിനറിസർജൻ വകയിരുത്തിയ തുകയിൽ 49.91 ശതമാനവും, സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് 49.6 ശതമാനവും തുക ചെലവഴിച്ചിട്ടുള്ളൂ. വകയിരുത്തിയ തുകയിൽ പകുതിപോലും ചെലവഴിക്കാൻ കഴിയാഞ്ഞത് ഫണ്ട് വിനിയോഗത്തിലെ കാര്യക്ഷമതയില്ലായ്മയായി ഓഡിറ്റ് വിലയിരുത്തുന്നു. മുൻ വർഷങ്ങളിലും ഇതേ അപാകതകൾ മൂലം മുനിസിപ്പാലിറ്റിക്ക് അനുവദിച്ച് ഫണ്ട് നഷ്ടപ്പെടുന്നതിനിടയായിട്ടുണ്ട്.

2015-16 വർഷം വിവിധ ഫണ്ടുകളിൽ നിന്നും ലഭിച്ച തുകയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ഫണ്ടിനം | മുൻബാക്കി | തൻവർഷ അലോട്ട് മെന്റ് പ്രകാരം വരവ് | ആകെ | ചെലവ് | ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്ത തുക | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 1173663 | 12384243 | 13557906 | 9086652 | 3297591 | 67.02 |
| വികസനഫണ്ട് എസ്.സി.പി. | | 10712158 | 10712158 | 2653863 | 8058295 | 24.77 |
| വികസനഫണ്ട് ടി.എസ്.പി. | | 2000 | 2000 | - | 2000 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | | 6095000 | 6095000 | 2053436 | 4041654 | 33.69 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | | 4478000 | 4478000 | 725968 | 3752032 | 16.21 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | | 4860212 | 4860212 | 317571 | 1722641 | 6.53 |
| പെർഫോമൻസ് ഗ്രാന്റ് | | 5714908 | 5714908 | 1789581 | 3925327 | 33.31 |

2015-16 വർഷം വിവിധ ഫണ്ട് ഇനങ്ങളിലായി ലഭിച്ച തുകയിൽ 24828931 രൂപ യഥാസമയം ചെലവഴിക്കാൻ കഴിയാഞ്ഞതിനാൽ കൺസോളിഡേറ്റ് ഫണ്ടിലേക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യപ്പെട്ടിട്ടുണ്ട്.

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ 2015-16 വർഷത്തെ ഫണ്ട് വിനിയോഗം താഴെചേർക്കുന്നു.

| | നിർവ്വഹണ ഉദ്യോഗസ്ഥർ | അംഗീകാരം കിട്ടിയ പ്രോജക്ടുകളുടെ എണ്ണം | നടപ്പാക്കിയ പ്രോജക്ടുകളുടെ എണ്ണം | അടങ്കൽ | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| 1 | മെഡിക്കൽ ഓഫീസർ<br>ആയൂർവേദം | 2 | 2 | 5,87,500 | 5,00,000 | 85.10 |
| 2 | മെഡിക്കൽ ഓഫീസർ<br>ഹോമിയോ | 2 | 2 | 3,50,000 | 3,50,000 | 100 |
| 3 | കൃഷി ഓഫീസർ/കൃഷി ഫീൽഡ് ഓഫീസർ | 8 | 7 | 18,82,618 | 1083618 | 57.55 |
| 4 | സെക്രട്ടറി | 38 | 22 | 6,30,90,500 | 3,37,31,436 | 53.46 |
| 5 | മെഡിക്കൽ ഓഫീസർ<br>കമ്മ്യൂണിറ്റി സെന്റർ | 1 | 1 | 3,50,000 | 3,24,054 | 92.58 |

| | | | | | | |
|---|---|---|---|---|---|---|
| 6 | വെറ്റിനറി സർജൻ | 2 | 2 | 18,82,618 | 131000 | 21.97 |
| 7 | ഹെഡ്മാസ്റ്റർ | 6 | 3 | 20,50,000 | 18,00,000 | 87.80 |
| 8 | മുനിസിപ്പൽ എൻഞ്ചിനീയർ | 171 | 122 | 67,86,3913 | 3,08,01,635 | 45.38 |
| 10 | ഐ.സി.ഡി.എസ് | 6 | 6 | 56,56,900 | 41,98,288 | 74.21 |

വെറ്റിനറി സർജൻ അംഗീകാരം ലഭിച്ചപ്രോജക്കുകളിൽ 21.97 ശതമാനവും, മുനിസിപ്പൽ എൻഞ്ചിനീയർക്ക് അംഗീകാരം ലഭിച്ചപ്രോജക്കുകളിൽ 45.38 ശതമാനവും മാത്രമാണ് മുൻ വർഷം ചെലവഴിച്ചത്. സമയബന്ധിതമായി പദ്ധതികൾ നടപ്പാക്കാത്തതുകാരണം രണ്ടുവർഷങ്ങളിലുമായി 31973941 രൂപ മുനിസിപ്പാലിറ്റിക്ക് നഷ്ടപ്പെടാൻ ഇടയായിട്ടുണ്ട്.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്കുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല.

### 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല.

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

### 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല.

### 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 12226283 |
| തൻവർഷം നിക്ഷേപിച്ച തുക | - |
| ആകെ | 12226283 |
| തന്നാണ്ടിൽ പിൻവലിച്ച തുക | - |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 12226283 |

വാർഷികകണക്ക് പ്രകാരം തൻവർഷം 12226283/-രൂപ സ്ഥിര നിക്ഷേപമായി ഉണ്ടെങ്കിലും ഇതു സംബന്ധിച്ച രേഖകൾ ഓഡിറ്റിന് ലഭ്യമാക്കാത്തതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

### 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 52500/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗ പ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| | | 52500 | കാരാളി പറമ്പ് വാട്ടർ സപ്ലൈ സ്കീം വർക്ക് ഡിലെ പെനാൽട്ടി | രസീത് നം-11620104092 തീയ്യതി 30-6-2016 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല.

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 107672279 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 102339062 |
| വരവിനങ്ങളിലുള്ള നഷ്ടം | |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 44099.50 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2816488 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 7000 | ശ്രീ.പി.എം. സുരേഷ് ബാബു, സെക്രട്ടറി, ഫറോക്ക് നഗരസഭ. വിലാസം |
| 3-3 | | 13112.50 | മുനിസിപ്പൽ എഞ്ചിനീയർ ദിനേശ് കുമാർ.എം |
| 3-4 | | 23987 | മുനിസിപ്പൽ എഞ്ചിനീയർ ദിനേശ് കുമാർ.എം |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-9 | 312150 | ശ്രീ.ദിനേശ്കുമാർ.എം, എഞ്ചിനീയർ |
| 3-10 | 187500 | അൻവർ സാദത്ത് എം.കെ,വെറ്റിനറി സർജൻ |
| 3-11 | 473161 | ജസിത.പി.ജെ,സെക്രട്ടറി |
| 3-12 | 343677 | ഡോ.ലാലുജോൺസ്,സൂപ്രണ്ട്, താലൂക്ക് ആശുപത്രി ഫറോക്ക് |
| 3-13 | 1500000 | ഷക്കീല,പ്രിൻസിപ്പൽ,ജി.വി.എച്ച്.എസ് ഫറോക്ക് |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഖണ്ഡിക 3 (6)

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.പി.എം. സുരേഷ് ബാബു,<br>സെക്രട്ടറി, ഫറോക്ക് നഗരസഭ. | അൻവർ സാദത്ത് എം.കെ | ശ്രുതി, ഒലിവിലം -പി.ഒ.<br>ചൊക്ലി, തലശ്ശേരി |
| മുനിസിപ്പൽ എഞ്ചിനീയർ<br>ദിനേശ് കുമാർ.എം | മുനിസിപ്പൽ എഞ്ചിനീയർ<br>ദിനേശ് കുമാർ.എം | ഉത്രം(ഹൗസ്)<br>ഈരിഴ വടക്ക്<br>ചെട്ടികുളങ്ങര<br>മാവേലിക്കര |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ (ഗ്രാമപഞ്ചായത്ത്)

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാനവ ശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 | എൽ.എഫ്.കെ.കെ.ഡി/പി.2/1485/13(01) 11.11.13 | 6 |
| 1997-98 | എൽ.എഫ്.കെ.കെ.ഡി/പി2/1485/13(02) /11.11.13 | 1 |
| 1998-99 | എൽ.എഫ്.കെ.കെ.ഡി/പി2/1485/13(01) /11.11.13 | 12 |
| 1999-00 | എൽ.എഫ്.കെ.കെ.ഡി/പി2/1485/13(03) /11.11.13 | 2 |
| 2000-01(പ്ലാൻ) | എൽ.എഫ്.കെ.കെ.ഡി/പി2/1485/13(4)/11.11.13 | 9 |
| 2000-01 | എൽ.എഫ്.കെ.കെ.ഡി/പി2/1485/13(5)/11.11.13 | 2 |
| 2001-02 | എൽ.എഫ്.കെ.കെ.ഡി/പി2/1485/13(06) /11.11.13 | 4 |
| 2002-03 | എൽ.എഫ്.കെ.കെ.ഡി/പി2/1485/13(7)/11.11.13 | 12 |
| 2003-04 | എൽ.എഫ്.കെ.കെ.ഡി/പി2/1485/13(08) /11.11.13 | 4 |
| 2004-05 | എൽ.എഫ്.കെ.കെ.ഡി/പി2/1485/13(09/11.11.13 | 16 |
| 2005-06 | എൽ.എഫ്.കെ.കെ.ഡി/പി2/578/12 04.05.2012 | 14 |
| 2006-07 | എൽ.എഫ്.കെ.കെ.ഡി/പി2/578/12 04.05.2012 | 14 |
| 2007-08 | എൽ.എഫ്.കെ.കെ.ഡി/പി2/842/13(06) | 25 |

| | | |
|---|---|---|
| | /15.07.2013 | |
| 2008-09 | എൽ.എഫ്.കെ.കെ.ഡി/പി2/1782/11 20.01.2012 | 35 |
| 2009-10 | എൽ.എഫ്.കെ.കെ.ഡി/പി2/1443/13 25.10.13 | 38 |
| 2010-11 | എൽ.എഫ്.കെ.കെ.ഡി/പി2/1244/14 11.06.2014 | 18 |
| 2011-12, 2012-13 | എൽ.എഫ്.കെ.കെ.ഡി/പി2/394/14 16.07.2014 | 34 |
| 2013-14, 2014-15 | കെ.എസ്.എ.കെ.കെ.ഡി/പി.2/2024/2015, 05.01.2016 | 31 |
| 2015-16 | കെ.എസ്.എ.കെ.കെ.ഡി/പി.14/124 /2017, 30. 01.2017 (01-11.15-31.3.2016) | 13 |

ജോയിന്റ് ഡയറക്ടർ

ജില്ല ഓഡിറ്റ് കാര്യാലയം, കോഴിക്കോട്.

# **1**

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.കെ.കെ.ഡി.പി.14/1691/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ല ഓഡിറ്റ് കാര്യാലയം

സിവിൽ സ്റ്റേഷൻ, കോഴിക്കോട്

ഫോൺ - 0495-2371012

തീയ്യതി.22.08.2017

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിന്റെ, വകുപ്പ്.295 എന്നിവ അനുസരിച്ചും നഗരസഭ സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംഭിച്ചും കോഴിക്കോട് ജില്ലയിലെ ഫറോക്ക് മുനിസിപ്പാലിറ്റിയുടെ 2016-17 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രയത്തിൽ ഫറോക്ക് മുനിസിപ്പാലിറ്റിയുടെ 2016-17 ലെ വാർഷിക ധനകാര്യ പത്രിക, വരവ് - ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ല ഓഡിറ്റ് കാര്യാലയം, കോഴിക്കോട്.

KSA.KKD-P.14/1691/2017

Kerala State Audit Department

District Audit Office

Civil Station, Kozhikode

Ph. 0495 – 2371012
Dated-22.08.2017

## Audit Certificate

Certified thaht I have audited the Annual Financial Statement of Feroke Municipality in Kozhikode District for the year ended on 31.03.2017 in accordance with section. 4 of hte Kerala Local Fund Audit Act 1994, section 295 of the Kerala Muncipality Act 1994, the rules made there under and the guideliness issued by the Comptroller and Auditor General of India for the purpose of audit of accounts of Muncipal Institutions.

In my opinion the Financial Statements of Feroke Muncipality for the year 2016-17 except the observations in my audit report properly presents the picture of income and expenditure.

Joint Director

Kerala State Audit Department

District Audit Office, Kozhikode.